LIGHTED TO LIGHTEN

# ഹെർമ്മോൻ ദൂതൻ

അടൂർ ഭദ്രാസന ത്രൈമാസിക

2021 ജനുവരി – മാർച്ച്, ലക്കം 19



## കാലത്തിന്റെ സ്പന്ദനങ്ങളെ തിരിച്ചറിയുന്ന

# കർമ്മയോഗി

22-ാം മാർത്തോമ്മ

# ആദരാഞ്ജലികൾ



ക്രാന്തദർശിയും കാലജ്ഞാനിയും കർമ്മകുശലതയുടെ പര്യായവുമായിരുന്ന
ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പൊലീത്തായുടെ
ധന്യമായ സ്മരണകൾക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു

# ഉള്ളടക്കം


**02** ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്

**04** ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പ്

**05** എഡിറ്റോറിയൽ



**06** **വിശ്വസത്തിന്റെ ജീവിതാവിഷ്കാരം....**
റവ.ജോൺ മാത്യു, ഏഴംകുളം ശാലോം



**09** **മാറുന്ന ലോകവും മാറ്റം ആവശ്യപ്പെടുന്ന...**
റവ. ഡോ. എബ്രഹാം സ്കറിയ



**12** **സ്തുതിഗീതം....**
ജോർജ്ജ് ഫിലിപ്പ്



**17** **ഗബ്രിയേലിൻ ദർശന സാഫല്യമായ്...**
ഡോ. മാത്യു ജോൺ കളീലിൽ



**19** **മനുഷ്യസ്നേഹിയായ ശ്രേഷ്ഠ ഇടയൻ**
വെരി. റവ. റ്റി. കെ. മാത്യു



**21** **കാലത്തിന്റെ സ്പന്ദനങ്ങളെ തിരിച്ചറിയുന്ന കർമ്മയോഗി**
റവ. കെ.ഇ. ഗീവർഗ്ഗീസ്



# ഹെർമ്മോൻ ദൂതൻ

അടൂർ ഭദ്രാസന ത്രൈമാസിക

**2021 ജനുവരി– മാർച്ച്, ലക്കം 19**



പ്രസിഡന്റ്
**റൈറ്റ് റവ. ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ**

ഭദ്രാസന സെക്രട്ടറി
**റവ. വി. കുഞ്ഞുകോശി**

ചീഫ് എഡിറ്റർ
**റവ. ഡോ. പി. ജെ. തോമസ്**

മാനേജർ
**റവ. ഷിബു മാത്യു**

കമ്മിറ്റി അംഗങ്ങൾ
**റവ. മാത്യു പി. തോമസ്**
**ശ്രീ. വർഗ്ഗീസ് തരകൻ**
**ശ്രീ. കെ. ജോൺസൺ വൈദ്യൻ**
**അഡ്വ. പി. കെ. സക്കറിയ**
**ശ്രീ. ജോൺ സക്കറിയ**
**ശ്രീമതി സുമാ ജോർജ്ജ്**

കവർ & ലേഔട്ട്
**ക്രയോൺസ് മീഡിയ, തിരുവല്ല**



വിലാസം:
**എഡിറ്റർ, ഹെർമ്മോൻ ദൂതൻ**
ഹെർമ്മോൻ അരമന
അടൂർ - 691 523



**വാർഷിക വരിസംഖ്യ – 50/–**



**25** **കുഞ്ഞുങ്ങളുടെ മനസ്സറിയുന്ന...**
അനിത മാത്യു

**27** **പ്രതീക്ഷയുടെ പ്രകാശമാകാം...**
റവ. വിപിൻ സാം തോമസ്



04734 228240 hermondoothan@gmail.com www.adoordiocese.org

# ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്



കർത്താവിൽ പ്രിയരെ,

ഏവർക്കും പുതുവത്സര ആശംസകൾ...

നമ്മുടെ സഭയെ സംബന്ധിച്ചിടത്തോളം 2020-ന്റെ അവസാന സമയം സന്താപത്തിന്റെയും സന്തോഷത്തിന്റെയും സമ്മിശ്ര അനുഭവങ്ങളാണുണ്ടായത്. 63 ദീർഘ വർഷങ്ങൾ പട്ടത്വ മേൽപട്ടത്വ ശുശ്രൂഷൾ ഏറ്റം അനുഗ്രഹകരമായി നിറവേറ്റി ഒക്ടോബർ മാസം 18-ാം തീയതി കർതൃസന്നിധിയിലേക്ക് ചേർക്കപ്പെട്ട ഭാഗ്യസ്മരണീയനായ അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ ധന്യമായ ജീവിതത്തിനായി ദൈവത്തെ സ്തുതിക്കുകയും ആ പാവന സ്മരണയ്ക്ക് മുൻപിൽ ഭദ്രാസനമായി ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു. തിരുമേനിയുടെ എപ്പിസ്കോപ്പൽ ശുശ്രൂഷ ഏറെക്കാലം ലഭിച്ച ഭദ്രാസനമാണ് നമ്മുടെ അടൂർ ഭദ്രാസനം. ഹെർമ്മോൻ കുന്നും അരമനയും തിരുമേനിയുടെ പാദസ്പർശനത്താൽ അനുഗ്രഹീതമാണ്.

22-ാം മലങ്കര മാർത്തോമ്മ മെത്രാപ്പോലീത്തയായി അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി 2020 നവംബർ മാസം 14-ാം തീയതി ചുമതലയേറ്റെടുത്തു. ദർശനപരതയും വിഷയങ്ങൾ ആഴത്തിൽ പഠിച്ച് കൃത്യമായ പരിഹാരം നിർദ്ദേശിക്കുന്നതിനു പ്രത്യേകം പ്രാവീണ്യം സിദ്ധിച്ച തിരുമേനിയുടെ ഭരണകാലം നമ്മുടെ സഭയെ ഉയരങ്ങളിൽനിന്ന് ഉയരങ്ങളിലേക്ക് നയിക്കുമെന്ന് പ്രത്യാശിക്കാം. കൂട്ടായ ആലോചനയും പരസ്പര വിശ്വാസവും ബഹുമാനവും നിലനിർത്തി സഭാ നൗകയെ കാറ്റിലും കോളിലും പതറാതെ നേർ ദിശയിൽ നയിക്കുവാൻ ദൈവത്തിന്റെ കാരുണ്യത്തിനായി നമുക്ക് പ്രാർത്ഥിക്കാം. ഈ വർഷത്തെ ഭദ്രാസന കൺവൻഷന്റെ ഉദ്ഘാടന ദിനമായ ജനുവരി 6-ാം തീയതി ബുധനാഴ്ച ഡോ. തിയഡോഷ്യസ് മെത്രാപ്പോലീത്താ തിരുമേനിക്ക് അടൂർ ഭദ്രാസനമായി ഒരു സ്വീകരണം നൽകുന്നതിന് ക്രമീകരണങ്ങൾ ചെയ്തുവരുന്നു. കോവിഡ് പ്രോട്ടോക്കോൾ നിലനിൽക്കുന്നതിനാൽ അനുവദനീയമായ സംഖ്യക്കൊത്ത ആൾക്കാർ കൺവൻഷൻ നഗറിൽ സംബന്ധിക്കുകയും, മറ്റുള്ളവർക്ക് ഓൺലൈൻ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി പങ്കാളികളാകുകയും ചെയ്യണം. സ്വീകരണാനന്തരം 37-ാമത് കൺവൻഷൻ ഉദ്ഘാടനം ചെയ്ത് തിരുമേനി മുഖ്യ പ്രഭാഷണം നടത്തുകയും ചെയ്യും.

2020, കോവിഡിന്റെ ഫലമായി ഏറെ പ്രതിസന്ധികൾ സൃഷ്ടിച്ചിരുന്നുവെങ്കിലും കർത്താവിന്റെ കൃപയാൽ നമ്മുടെ ഭദ്രാസന പ്രവർത്തനങ്ങൾ ഭംഗിയായി നടത്തുന്നതിന് ഇടയായതിൽ ദൈവത്തെ സ്തുതിക്കുന്നു. കോവിഡിന്റെ വ്യാപനം ചിലരെ ബുദ്ധിമുട്ടിലാക്കിയെങ്കിലും അധികം ജീവാപായം കൂടാതെ ഇന്നും ക്ഷേമമായി ദൈവം നമ്മെ നടത്തുന്നു. ഒട്ടും അശ്രദ്ധ കൂടാതെ ഗവൺമെന്റ് നൽകുന്ന കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് അപകടങ്ങൾ ഒഴിവാക്കുവാൻ ഏവരും ശ്രദ്ധിക്കണം. ദൈവാലയങ്ങൾ തുറന്ന് അനുവദനീയമായ അംഗസംഖ്യ പാലിച്ച് വിശുദ്ധ കുർബ്ബാനയും അനുബന്ധ ശുശ്രൂഷകളും നടത്തുവാൻ സാധിക്കുന്നുണ്ടല്ലോ. എന്നാൽ കുട്ടികളും മുതിർന്നവരും പ്രായപരിധിയിലുള്ളവരും ദൈവാലയങ്ങളിൽ വന്ന് ചേരുവാൻ കഴിയാത്തതിൽ അവർക്കുള്ള വിഷമം നന്നേ മനസ്സിലാക്കുന്നു. ബഹുമാനപ്പെട്ട വികാരി അച്ചന്മാരും ഇടവക ചുമതലക്കാരും ഭവനങ്ങളിൽ അവരെ സന്ദർശിക്കുന്നതിന് ശ്രമിക്കുന്നതും സഹായകരമാണ്. ജനുവരി ആരംഭം മുതൽ സണ്ടേസ്കൂൾ കുട്ടികളുടെ ക്ലാസുകൾ ഒട്ടും മുടക്കം കൂടാതെ ഓൺലൈൻ സൗകര്യം പ്രയോജനപ്പെടുത്തി നടത്തുവാൻ ഏവരും ശ്രദ്ധിക്കണം.

ദൈവകൃപയാൽ എല്ലാവർഷവും ഭദ്രാസന കൺവൻഷനോടുകൂടിയാണ് പുതുവത്സര പ്രവർത്തനങ്ങൾ നാം ആരംഭിക്കാറുള്ളത്. ഈ വർഷം ജനുവരി 6 മുതൽ 10, വരെയുള്ള ദിവസങ്ങളിൽ സന്ധ്യായോഗങ്ങൾ നടക്കുന്ന വിധത്തിലാണ് ക്രമീകരണങ്ങൾ ചെയ്യുന്നത്. എല്ലാ യോഗങ്ങളിലും ഓൺലൈനിൽ പ്രാർത്ഥനാപൂർവ്വം പങ്കെടുത്ത് അനുഗ്രഹീതരായിത്തീരണം.

ജനുവരി 26-ാം തീയതി മുൻവർഷങ്ങളിലെപ്പോലെ നടക്കുന്ന കുടുംബ സംഗമത്തിലും പങ്കുചേരുവാൻ ഏവരും ഉത്സാഹിക്കണം. കോവിഡ് പരിമിതികൾ മനസ്സിലാക്കി നൽകുന്ന നിർദ്ദേശങ്ങൾ പാലിച്ച് പങ്കാളികളാകുവാൻ ശ്രദ്ധിക്കുമല്ലോ. 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ഇടവകസംഘാംഗത്വ ലിസ്റ്റ് തയ്യാറാക്കി. ജനുവരി 15-ന് മുൻപ് ഇടവകകളിൽ പ്രസിദ്ധീകരിക്കുവാൻ വികാരി അച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഇടവക ചുമതലക്കാരേയും കൈസ്ഥാന സമിതി അംഗങ്ങളേയും തിരഞ്ഞെടുത്ത് ഭദ്രാസന എപ്പിസ്കോപ്പായുടെ അംഗീകാരം താമസംവിനാ എടുക്കേണ്ടതാണ്. കോവിഡ് പശ്ചാത്തലത്തിൽ ബാലറ്റിലൂടെയുള്ള തിരഞ്ഞെടുപ്പ് ഒഴിവാക്കി ഔദാര്യപൂർവ്വം ഐക്യകണ്ഠേന എല്ലാ തെരഞ്ഞെടുപ്പും പൂർത്തീകരിക്കുവാൻ ഏവരും ആത്മാർത്ഥമായി സഹകരിക്കണം. ഇടവകയ്ക്കും ഭദ്രാസനത്തിനും സഭയ്ക്കും നൽകുവാനുള്ള വിഹിതങ്ങൾ താമസമെന്യേ നൽകുവാൻ ഇടവക വികാരിമാരും പ്രത്യേകം ശ്രദ്ധിക്കണം.

ഭദ്രാസനത്തിലെ സുവിശേഷനിധി സമാഹരിച്ച് ജനുവരി 31-ന് മുൻപ് ഭദ്രാസന ഓഫീസിൽ അടച്ച് രസീത് കൈപ്പറ്റുവാൻ ഏവരും സഹകരിക്കണം. നടപ്പ് സാമ്പത്തിക വർഷത്തെ ഭദ്രാസനദിനം മാർച്ച് മാസം 7-ാം തീയതി ഞായറാഴ്ച നടത്തുവാൻ ക്രമീകരണം ചെയ്തിരിക്കുന്നു. ഈ വർഷത്തെ ഭദ്രാസനദിന സ്തോത്രകാഴ്ചയും ഭദ്രാസന ഫണ്ട് ശേഖരണവും ഇലിപ്പിക്കുളത്ത് ഭദ്രാസനത്തിന് സൗജന്യമായി ലഭിച്ച 49 സെന്റ് സ്ഥലത്ത് നിർമ്മിക്കുന്ന പ്രായമായവർക്ക് വേണ്ടിയുള്ള സാന്ത്വന പരിചരണ കേന്ദ്രത്തിന്റെ നിർമ്മാണ ആവശ്യങ്ങൾക്കു വേണ്ടി നൽകുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. ആയതിലേക്ക് പ്രത്യേക സംഭാവന നൽകുവാൻ ഉത്സാഹിക്കണമെന്ന് താല്പര്യപ്പെടുന്നു.

അടുത്തയിടെ നടന്ന ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ നമ്മുടെ ഭദ്രാസനത്തിലെ ഇടവകാംഗങ്ങളിൽ ചിലർ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഭദ്രാസനമായി അവർക്ക് അഭിനന്ദനങ്ങൾ അറിയിക്കുന്നു. ദൈവകൃപയോടെ പൊതുജനസേവനം ചെയ്യുവാൻ ദൈവം അവരെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

നമ്മുടെ ഭദ്രാസനത്തിൽ ഏനാത്ത് മാർത്തോമ്മാ ഇടവകയിൽനിന്നും 3 യുവജനങ്ങളും, പള്ളിക്കൽ, എലിക്കാട്ടൂർ, തുരുത്തിക്കര എന്നീ ഇടവകകളിൽനിന്നും ഓരോരുത്തർ വീതം ദൈവശാസ്ത്ര അഭ്യസനം പൂർത്തിയാക്കി പട്ടത്വ ശുശ്രൂഷയിലേക്ക് പ്രവേശിക്കുവാൻ അവസരം ലഭിച്ചിരിക്കുന്നു. അവരെ പ്രത്യേകം അഭിനന്ദിക്കുകയും പട്ടംകൊട ശുശ്രൂഷയുടെ അനുഗ്രഹത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഭദ്രാസന ജൂബിലിയുടെ ഭാഗമായി വിവാഹജീവിതത്തിൽ 50 വർഷമോ, അതിലധികമോ പിന്നിട്ടവരെ ആദരിക്കുന്നതിലേക്ക് ജനുവരി 31-ാം തീയതി ഞായറാഴ്ച വേർതിരിച്ചിരിക്കുന്നു. അന്നേദിവസം ആരാധനാ മദ്ധ്യേ അവർക്കായി പ്രത്യേകം തയ്യാറാക്കുന്ന സ്തോത്ര ശുശ്രൂഷ ഉണ്ടായിരിക്കും. കൂടാതെ ഇടവകയായി ഭദ്രാസനത്തിനുവേണ്ടി ഭവനങ്ങളിൽ ചെന്ന് ഉപഹാരം നൽകി ആദരിക്കുന്നതാണ്. ഓരോ ഇടവകയിലും 5 വർഷത്തിനുള്ളിൽ വിവാഹിതരായ യംഗ് കപ്പിൾസ് ഈ ആദരവിന് വേണ്ടുന്ന സഹായ സഹകരണങ്ങൾ നൽകേണ്ടതാണ്.

വലിയനോമ്പ് ഫെബ്രുവരി 14-ാം തീയതി ആരംഭിക്കുകയാണല്ലോ. നോമ്പ് ദിനങ്ങൾ വേർതിരിക്കപ്പെട്ട സമയമെന്ന് മനസ്സിലാക്കി ധ്യാനത്തിനും, തിരുവചന പഠനത്തിനും പ്രാർത്ഥനയ്ക്കും പ്രത്യേകം സമയം കണ്ടെത്തി കുടുംബമായി ആചരിക്കുവാൻ ശ്രദ്ധിക്കണം. ആർഭാടങ്ങളും ആഘോഷങ്ങളും ഒഴിവാക്കി മിതവ്യയം ശീലിച്ച് ലളിതജീവിതം നയിക്കുവാൻ ഇടയാകണം. നോമ്പ് നമസ്കാരങ്ങൾ ക്രമീകരിച്ച് പ്രാർത്ഥനാപൂർവ്വം സംബന്ധിക്കുവാൻ ഏവരും ഉത്സാഹിക്കണം. ഈ വർഷത്തെ നോമ്പാചരണം ശിക്ഷണത്തിനും ജീവിത വിശുദ്ധിക്കും ആത്മീയ ചൈതന്യത്തിനും നമ്മെ ഏറെ സഹായിക്കട്ടെ.

കോവിഡ് മഹാമാരിയിൽനിന്നും വിടുതലുള്ളവരായി സൗഖ്യത്തോടെ ജീവിക്കുവാൻ ദൈവം തുണയ്ക്കട്ടെ.

പ്രാർത്ഥനാപൂർവ്വം

**ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ**

ഹെർമ്മോൻ അരമന, അടൂർ

01-01-2021

# ഭദ്രാസന സെക്രട്ടറിയുടെ
## അറിയിപ്പുകൾ



റവ. വി. കുഞ്ഞുകോശി

കോവിഡ് 19 മഹാമാരിയുടെ മദ്ധ്യത്തിലും ഭദ്രാസന പ്രവർത്തനങ്ങളെയും ഇടവകകളെയും സജീവമായി നിലനിൽക്കുവാൻ അഭിവന്ദ്യ ഡോ. എബ്രഹാം മാർ പൗലോസ് തിരുമേനിയിൽ കൂടെ ലഭിക്കുന്ന എല്ലാ കർമ്മ പരിപാടികൾക്കായി ദൈവത്തെ സ്തുതിക്കുന്നു.

മാസത്തിൽ രണ്ടു തവണ പട്ടക്കാർക്കായുള്ള ഏവൻഗേലിയോൻ കൂട്ടായ്മ നടന്നു വരുന്നു. മാസത്തിലൊരിക്കൽ ഭദ്രാസനത്തിലെ സുവിശേഷകരുടെ കൂടിവരവു നടക്കുന്നുണ്ട്. കഴിഞ്ഞ ഓഗസ്റ്റ് മാസത്തിൽ ആരംഭിച്ച ഭദ്രാസന ധ്യാനയോഗം മാസത്തിൽ ഒരിക്കൽ ക്രമമായി നടന്നുവരുന്നു. ഒക്ടോബർ മാസം തോമസ് മാർ തിമഥിയോസ് തിരുമേനിയും നവമ്പറിൽ റവ. ഡോ. മോത്തി വർക്കിയും നേതൃത്വം നൽകി.

വിജയവഴി ക്രമമായി എല്ലാ രണ്ടും, നാലും ശനിയാഴ്ചകളിൽ നടക്കുന്നുണ്ട്. നമ്മുടെ കുഞ്ഞുങ്ങൾ വളരെ താല്പര്യത്തോടെ ഇതിൽ പങ്കാളികളാകുന്നുണ്ട്. മേൽപ്പറഞ്ഞ മീറ്റിംഗുകളെല്ലാം zoom പ്ലാറ്റ്ഫോമിലൂടെയാണ് നടക്കുന്നത്. ഈ മീറ്റിംഗുകളിൽ നമ്മുടെ ഭദ്രാസനത്തിലെ പട്ടക്കാരുടെ നേതൃത്വം വളരെ ശ്ലാഘനീയമാണ്.

ഇലിപ്പക്കുളം സ്വാന്തനപരിചരണ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിന് അധികാരികളിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ കല്ലിടീൽ കർമ്മം ഭദ്രാസന കൺവൻഷനോട് അനുബന്ധിച്ച് അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനി നിർവ്വഹിക്കുന്നതാണ്. ഡിസംബർ 13-ാം തീയതി സൃഷ്ടിക്കൊരു സംഗീതം എന്ന ക്രിസ്തുമസ് പ്രോഗ്രാം വളരെ അനുഗ്രഹപ്രദമായി നടന്നു. ഓൺലൈൻ-ൽ കൂടിയ പ്രസ്തുത പരിപാടിയിൽ നമ്മുടെ തിരുമേനിയെ കൂടാതെ സീറോ മലങ്കര കത്തോലിക്ക മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ മോസ്റ്റ് റവ. ഡോ. ജോഷ്വാ മാർ ഇഗ്നാത്ത്യോസ് മെത്രാപ്പോലീത്ത ക്രിസ്തുമസ് മെസ്സേജ് നൽകുകയുണ്ടായി. വിവിധ നവമാധ്യമങ്ങളിലൂടെ 20,000 -ൽ അധികം ആളുകൾ പങ്കാളികളായി എന്ന് എടുത്തു പറയത്തക്ക വസ്തുതയാണ്. റവ. റോജി മാത്യു എബ്രഹാം കൺവീനർ ആയി പ്രവർത്തിച്ചു.

2021 ലെ ഭദ്രാസന കൺവൻഷൻ, കൺവൻഷൻ നഗറിൽ വച്ച് ജനുവരി 6 മുതൽ രാത്രി യോഗങ്ങളായി കോവിഡ് പ്രോട്ടോകോൾ അനുസരിച്ച് നടത്തുന്നതാണ്. അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നതും, തദവസരത്തിൽ ഭദ്രാസനത്തിന്റെ സ്വീകരണവും ആശംസകളും അറിയിക്കുന്നതാണ്. ജനുവരി 26ന് കുടുംബസംഗമവും നടത്തുവാനുള്ള ക്രമീകരണം ചെയ്തു വരുന്നു. ഭദ്രാസന ദിനം മാർച്ച് 7-ാം തീയതി നടത്തപ്പെടുന്നതാണ്. കലയപുരം സ്കൂളിന്റെ കെട്ടിട നിർമ്മാണം ധൃതഗതിയിൽ നടന്നുവരുന്നു.

കോട്ടയം-കൊച്ചി ഭദ്രാസനത്തിന്റെ ചുമതല കൂടി ഡിസംബർ ഒന്നാം തീയതി അഭിവന്ദ്യ ഏബ്രഹാം തിരുമേനി ഏറ്റെടുത്തു. കൂടാതെ ഡി.എസ്.എം.സി. കറ്റാനം മിഷൻ ഹോസ്പിറ്റൽ, കോഴഞ്ചേരി സെന്റ് തോമസ് കോളജ് എന്നിവയുടെ ചുമതലയും തിരുമേനി ഏറ്റെടുത്തിട്ടുണ്ട്. എല്ലാം ഭംഗിയായി നിർവ്വഹിക്കുവാൻ സർവ്വശക്തനായ ദൈവം സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഭദ്രാസനത്തിന്റെ എല്ലാ ആശംസകളും അറിയിക്കുന്നു.

നമ്മുടെ ഹെർമോൻ ദൂതൻ ചീഫ് എഡിറ്ററും, കൊറ്റനല്ലൂർ ശാലോം ഇടവക വികാരിയുമായിരിക്കുന്ന റവ. പി.ജെ. തോമസിന് സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് ലഭിച്ചു. ഭദ്രാസനത്തിന്റെ അനുമോദനം അറിയിക്കുന്നു.

ഏവർക്കും നവവത്സരാശംസകൾ നേരുന്നു!



■ ■ എഡിറ്റോറിയൽ

# മറക്കാം... പൊറുക്കാം... മുന്നേറാം...

“

എത്ര കണ്ടിട്ടും
കൊണ്ടിട്ടും കേട്ടിട്ടും
ഒന്നും പഠിക്കാത്തവരായി
മനുഷ്യൻ മാറിയിരിക്കുന്നു.
സ്വാർത്ഥതയുടെ മുഖംമൂടി
മനുഷ്യനെ മനുഷ്യനല്ലാതാ
ക്കിയിരിക്കുന്നു.



റവ. ഡോ. പി.ജെ.തോമസ്
ചീഫ് എഡിറ്റർ



“പർവ്വതാരോഹണം പോലെയാകണം ജീവിതം, തിരിഞ്ഞുനോട്ടം പാടില്ല”. എഡ്മണ്ട് ഹിലാരിയുടെ വാക്കുകൾ ജീവിതപ്രയാണത്തിന് നവചൈതന്യവും നവദർശനവും പകരുന്നു. ഔന്നിത്യത്തിലേക്കുള്ള സഞ്ചാരപഥത്തിൽ തിരിഞ്ഞ്നോട്ടം അനിവാര്യമെന്ന് തോന്നാമെങ്കിലും ചിലപ്പോഴൊക്കെ അത് നമ്മെ അസ്വസ്ഥമാക്കുന്നു. ഓർമ്മയിൽ സൂക്ഷിക്കുവാൻ ഒത്തിരി അനുഭവങ്ങൾ നൽകി 2020 നമ്മോട് വിടപറഞ്ഞു. നേട്ടങ്ങളും കോട്ടങ്ങളും ഏറെയുണ്ട്. മഹാമാരികളും യുദ്ധങ്ങളും ഭീകരവാദങ്ങളും കാലാവസ്ഥാവ്യതിയാനങ്ങളും നമ്മെ കീഴ്പ്പെടുത്തുന്നുവോ എന്ന തോന്നൽ മാനവരാശിയെ മുഴുവൻ ആശങ്കയുടെ മുൾമുനയിൽ നിർത്തുന്നു. പ്രകൃതിയെന്ന മഹാശക്തിയ്ക്കും കൊറോണയെന്ന സൂക്ഷ്മാണുവിന്റെയും മുമ്പിൽ മനുഷ്യന്റെ അറിവും സാങ്കേതിക കണ്ടെത്തലുകളും ഒന്നുമില്ല എന്നുള്ള ഓർമ്മപ്പെടുത്തലും കൂടെയായിരുന്നു 2020. സമയം ഒരു അശ്വരഥം പോലെ കുതിച്ച് പാഞ്ഞ് കൊണ്ടേയിരിക്കുന്നു. പലപ്പോഴും സമയം തികയാതെ വരുമ്പോൾ അതിന്റെ കടിഞ്ഞാൺ കൈയ്യിൽ കിട്ടിയിരുന്നു എങ്കിൽ പിടിച്ച് നിർത്താമായിരുന്നു എന്ന് ചിന്തിക്കാത്തവരുമില്ല. എത്ര കണ്ടിട്ടും കൊണ്ടിട്ടും കേട്ടിട്ടും ഒന്നും പഠിക്കാത്തവരായി മനുഷ്യൻ മാറിയിരിക്കുന്നു. സ്വാർത്ഥതയുടെ മുഖംമൂടി മനുഷ്യനെ മനുഷ്യനല്ലാതാക്കിയിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ നവയുഗസൃഷ്ടിയുടെ ശില്പികളാകുവാൻ നിയോഗിതരും നിർബന്ധിതരുമാണ് നാം. അതിജീവനത്തിന്റെ പുത്തൻ പടവുകൾ നാം ചവിട്ടേണ്ടിയിരിക്കുന്നു. നല്ല ആരംഭം കുറിക്കുക മാത്രമല്ല, നല്ല അവസാനത്തിനായി പ്രയത്നിക്കുവാനും നമുക്ക് കഴിയണം. ഈ ജീവിതയാത്രയിൽ ഓർത്തിരിക്കേണ്ട മൂന്ന് പദങ്ങൾ ശ്രദ്ധേയമാണ്.

*Forget - മറക്കുക*


*Forgive - പൊറുക്കുക*

*Forward - മുന്നേറുക*

മറക്കുവാൻ സാധിക്കാത്തതിനെ പൊറുക്കുവാനും പൊറുക്കുവാൻ സാധിക്കാത്തതിനെ മറക്കുവാനും സാധിക്കുമ്പോഴാണ് നമുക്ക് ഔന്നിത്യത്തിലേക്ക് മുന്നേറുവാൻ സാധിക്കുന്നത്. നമ്മുടെ സങ്കല്പങ്ങളിൽ യാഥാർത്ഥ്യത്തിന്റെ നേർക്കാഴ്ചകൾ പ്രബലപ്പെടുത്തി ഈ പ്രയാണം തുടരാം. കർമ്മയോഗിയും, ക്രാന്തദർശിയും കാലജ്ഞാനിയുമായ മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പൊലീത്തായുടെ വിയോഗം ഒരു തീരാനഷ്ടമായി നിലനില്ക്കുമ്പോൾ തന്നെ കാലത്തിന്റെ ചുവരെഴുത്തുകളെ കാരുണ്യത്തിന്റെ കരസ്പർശത്താൽ കർമ്മോജ്ജ്വലമാക്കിത്തീർക്കുവാൻ മോസ്റ്റ് റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്തായുടെ നിയോഗം സാധ്യമായിത്തീരട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഏവർക്കും പുതുവർഷാശംസകൾ!

# വിശ്വാസത്തിന്റെ ജീവിതാവിഷ്കാരം മാറുന്ന ജീവിത പരിസരങ്ങളിൽ



റവ. ജോൺ മാത്യു
ഏഴംകുളം ശാലോം

മാനവകുലം ഇന്നോളം അഭിമുഖീകരിച്ചിട്ടില്ലാത്ത വ്യതിരിക്തമായ അനുഭവങ്ങളിലൂടെയാണ് ഈ മഹാമാരി നമ്മെ കടത്തിക്കൊണ്ടുപോകുന്നത്. ഏറെ പ്രതീക്ഷയോടെയാണ് നാം 2020നെ വരവേറ്റത്. എന്നാൽ നമ്മുടെ ജീവിതത്തിന്റെ സമസ്ത മേഖലകളെയും ഈ മഹാമാരി സ്വാധീനിച്ചു കഴിഞ്ഞു. മനുഷ്യ ചിന്തകളും, വിചിന്തനങ്ങളും, ഭാഷയും, രുചികളും, ശീലങ്ങളും, ആചാരങ്ങളും, വിശ്വാസാഖ്യാനങ്ങളുമെല്ലാം മഹാമാരിയുടെ പശ്ചാത്തലത്തിൽ പുനരാവിഷ്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. കോവിഡാനന്തര കാലമെന്ന് കൃത്യമായി അടയാളപ്പെടുത്തുവാൻ സമയമായിട്ടില്ലെങ്കിലും മഹാമാരി നൽകിയ പുത്തൻ തിരിച്ചറിവുകളുടെ വെളിച്ചത്തിൽ നമ്മുടെ വിശ്വാസത്തിന്റെ ജീവിതാവിഷ്കാരം രൂപപ്പെടുത്തേണ്ടതുണ്ട്. ഇസ്രായേൽ ജനതയുടെ മരുഭൂയാത്ര ഒരു തരത്തിൽ ഒരു ക്വാറന്റീൻ അനുഭവമായിരുന്നു എന്ന് പറയാം. മരുഭൂമിയിലെ ഏകാന്തതകളിൽ ഏകദേശം 40 വർഷം. മരുഭൂ യാത്രയ്ക്ക് ശേഷം വാഗ്ദത്ത നാട്ടിൽ വാസം ഉറപ്പിക്കുന്ന ഇസ്രായേൽ ജനതയുടെ വിശ്വാസ രൂപീകരണത്തിലും ജീവിത ആവിഷ്കാരങ്ങളിലും മരുഭൂ യാത്രയിൽ തിരിച്ചറിഞ്ഞ വിശ്വാസ ബോധ്യങ്ങളുടെ ശക്തമായ സ്വാധീനം കണ്ടെത്തുവാൻ കഴിയും.

ഇസ്രായേൽ ജനതയോടുള്ള ദൈവത്തിന്റെ വാഗ്ദാനത്തെയും (promise) അതിന്റെ പൂർത്തീകരണത്തെയും (fulfilment) തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയാണ് യോശുവയുടെ പുസ്തകം. മരുഭൂ യാത്രയിൽ അഭിമുഖീകരിച്ച പ്രതിസന്ധികളെക്കാൾ വ്യത്യസ്തമായ ചില അനുഭവങ്ങളിലൂടെയാണ് ഇസ്രയേൽ ജനത പിന്നീട് കടന്നുപോകുന്നത്. യോർദാൻ, യെരിഹോ, ഹായി.... ഗിബെയോന്യർ, അമോര്യർ തുടങ്ങിയ കനാന്യ സമൂഹങ്ങൾ ഇങ്ങനെ നേരിടേണ്ടിവന്ന പ്രതിസന്ധികൾ ധാരാളം. എന്നാൽ ഈ തടസ്സങ്ങളെയെല്ലാം യോശുവ അതിജീവിക്കുന്നതായി നാം കാണുന്നു. വാഗ്ദത്തനാട് ഇസ്രായേൽ ഗോത്രങ്ങൾക്ക് വിഭാഗിച്ചു കൊടുക്കുന്ന ഭാരിച്ച ഉത്തരവാദിത്വവും യോശുവ നിർവഹിക്കുന്നു. വാഗ്ദത്തനാട് എന്ന ഭൂമിശാസ്ത്രപരമായ ഇടത്തിന്റെ വിഭജനവും വിതരണവുമല്ല മറിച്ച് വാഗ്ദത്ത നാട്ടിൽ ദൈവജനത്തെ ഒരു ഉടമ്പടി സമൂഹമായി നിലനിർത്തുക എന്ന ദൈവ പദ്ധതി യാഥാർത്ഥ്യമാക്കുകയാണ് തന്റെ ആത്യന്തിക ലക്ഷ്യമെന്ന് യോശുവയുടെ വിടവാങ്ങൽ സന്ദേശത്തിൽ വ്യക്തമാക്കുന്നു. 23, 24 അദ്ധ്യായങ്ങളിൽ അവരുടെ പുതിയ ജീവന ഇടമായ കനാനിന്റെ സാമൂഹിക പരിസരത്ത് അവരുടെ സ്വത്വബോധം നിലനിർത്തുന്ന കർത്തൃത്വനിർമ്മിതിയിലേക്ക് നയിക്കുന്ന ചില തിരിച്ചറിവുകൾ നൽകുകയും ചില തെരഞ്ഞെടുപ്പുകളിലേക്കു അവരെ നയിക്കുകയും ചെയ്യുന്നു.

**തിരിച്ചറിവും തിരഞ്ഞെടുപ്പും**

യോശുവയുടെ വിടവാങ്ങൽ പ്രസംഗത്തിന് പശ്ചാത്തലം ഒരുക്കുന്നത് ശേഖേമാണ്. വേദപുസ്തക ചരിത്രത്തിൽ ശേഖേമിന് വളരെ പ്രാധാന്യമുണ്ട്. അബ്രഹാം തന്റെ യാത്രയിൽ ആദ്യമായി കൂടാരമടിച്ചത് ശേഖേമിലാണ് . ദൈവം അബ്രഹാമിന് പ്രത്യക്ഷനായി ഈ ദേശം തന്റെ സന്തതികൾക്ക് നൽകുമെന്ന് വാഗ്ദാനം ചെയ്യുന്നതായും അബ്രഹാം അവിടെ യാഗപീഠം പണിതു യഹോവയെ ആരാധിക്കുന്നതായും നാം കാണുന്നു. (ഉല്പ 12:6–9). യാക്കോബ് ലാബാന്റെ അരികിൽ നിന്നുമുള്ള മടക്കയാത്രയിൽ ശേഖേമിൽ പാളയം ഇറങ്ങുകയും അവിടെ 100 വെള്ളിക്കാശിന് നിലം വാങ്ങി യാഗപീഠം പണിതു യഹോവയെ ആരാധിക്കുകയും ചെയ്യുന്നു. യാഗപീഠത്തിനു 'എൽ എലോഹ് ഇസ്രായേൽ' എന്ന് യാക്കോബ് പേരിടുന്നു. ഈ പേരിടീൽ കർമ്മത്തിൽ യാക്കോബിന്റെ ദൈവ ബോധത്തിന്റെ വളർച്ച ദർശിക്കുവാൻ കഴിയും. ദൈവം ഇനിമുതൽ യാക്കോബിന്റെ മാത്രം ദൈവമല്ല ഇസ്രായേലിന്റെ ദൈവമാണെന്ന തിരിച്ചറിവ് യാക്കോബിന് ഉണ്ടാകുന്നു. (ഉല്പ 33:16–20). തന്നെയുമല്ല ശേഖേമിൽൽനിന്ന് യാത്ര തിരിക്കും മുൻപ് അവരുടെ ശുദ്ധീകരണത്തിന്റെ ഭാഗമായി അദൈവങ്ങളെയും അന്യദേവന്മാരോടുള്ള വിധേയത്വത്തിന്റെ അടയാളമായ കാതിലെ കുണുക്കുകളെയും കരുവേലകത്തിന്റെ കീഴിൽ കുഴിച്ചിടുന്നതായും നാം വായിക്കുന്നു. (ഉല്പ 35:1–4) ദൈവത്തോടുള്ള വിധേയത്വം പുനരാവിഷ്കരിക്കുന്നതിന്റെയും (restructuring loyalty) ഉടമ്പടി ബന്ധം പുനസ്ഥാപിക്കുന്നതിന്റെയും (renewing covenanat relationship) അടയാളപ്പെടുത്തലായി ഇതിനെ മനസ്സിലാക്കാം.

ഇവിടെ യോശുവ ജനത്തെ ശേഖേമിൽ കൂട്ടി വരുത്തി ചില ഓർമ്മപ്പെടുത്തലുകൾ നടത്തുകയാണ്. 24:3–13 വരെയുള്ള വാക്യങ്ങളിൽ അവരുടെ ചരിത്രബോധം ഉണർത്തുന്ന ഓർമ്മകളെ പങ്കുവയ്ക്കുന്നു. ഓർമ്മകൾ ഓർമ്മപ്പെടുത്തലുകളായും അവ വിശ്വാസ ആഖ്യാനങ്ങളായും മാറുകയാണ്. ഇവിടെ ദൈവിക ഇടപെടലുകളുടെ ഓർമ്മകളാണ് പങ്കു വയ്ക്കപ്പെടുന്നത്. സ്മരണകളെ കേവലം സ്മാരകങ്ങളാക്കി (monuments) മാറ്റുന്നതിനപ്പുറം ചില തിരിച്ചറിവുകളാക്കി മാറ്റുവാനാണ് യോശുവ ശ്രമിക്കുന്നത്. ദൈവിക ഇടപെടലുകളെ സ്മാരകങ്ങളാക്കുന്ന നിർമ്മിതിയിൽ നിന്നും അവയെ വിശ്വാസ ആഖ്യാനങ്ങളുടെ അടിസ്ഥാനശിലകളാക്കി മാറ്റുവാനുള്ള വെല്ലുവിളിയാണ് ഈ പാഠം നൽകുന്നത്. ഇസ്രായേലിന്റെ വിശ്വാസം രൂപപ്പെട്ടത് രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവുമായ ദശാസന്ധികളിൽ ആയിരുന്നു. മിസ്രയീമിലെ തടവറയിലും പുറപ്പാടിന്റെ സ്വാതന്ത്ര്യത്തിലും കൂടെ രൂപപ്പെട്ട വിശ്വാസത്തിന്റെ പുനരാഖ്യാനത്തിനും ഉടമ്പടി പുതുക്കലിനുമാണ് ശേഖേം സാക്ഷ്യം വഹിക്കുന്നത്. ഈജിപ്തിലെ തടവറക്കും പുറപ്പാടിനും ഇപ്പോൾ വാഗ്ദത്ത നാടിനും ഒരുപോലെ സാക്ഷ്യം വഹിച്ച വ്യക്തി എന്ന നിലയിൽ യോശുവ തലമുറകളെ കൂട്ടിയിണക്കുന്ന കണ്ണിയായി നിലകൊള്ളുകയാണ്.

ശേഖേമിൽ യോശുവ നിർവഹിക്കുന്ന ചരിത്രത്തിന്റെ പുനരാഖ്യാനം ചില തെരഞ്ഞെടുപ്പുകളിലേക്കു അവരെ നയിക്കുന്നു. നിങ്ങൾ ആരെ സേവിക്കുമെന്ന ചോദ്യത്തിൽ തന്നെ യൂഫ്രട്ടീസ് നദിക്കക്കരെ വച്ച് അബ്രഹാമിന്റെ പിതാക്കന്മാർ ആരാധിച്ചിരുന്ന അദൈവങ്ങളെയും പുതിയ ഇടങ്ങളിൽ കണ്ടെത്തുന്ന ആകർഷണീയതയുടെയും ഭൗതിക സമൃദ്ധിയുടെയും ബാൽ വിഗ്രഹങ്ങളെയും ഉപേക്ഷിക്കുന്നതിനുള്ള വെല്ലുവിളികൾ ഉൾച്ചേർന്നിട്ടുണ്ട്. ശേഖേമും കരുവേല കവും ആവർത്തിക്കപ്പെടുകയും യഹോവയോടുള്ള വിധേയത്വം സ്വീകരിക്കുകയും ചെയ്യുന്ന ചില തിരിച്ചറിവുകളാണ് യോശുവ ജനത്തിന് നൽകുന്നത്. വിശ്വാസ ധാരകളെ അടുത്ത തലമുറയിലേക്ക് സന്നിവേശിപ്പിക്കുന്ന കണ്ണികൾ അറ്റുപോകുന്ന അപകടകരമായ അവസ്ഥയിലാണ് ഇന്ന് നാം എത്തിച്ചേർന്നിരിക്കുന്നത്. ഇവിടെ ശരിയായ തിരഞ്ഞെടുപ്പുകൾ സാധ്യമാക്കുന്ന തിരിച്ചറിവുകൾ

"

ശുദ്ധീകരണത്തിന്റെ ഭാഗമായി
അദൈവങ്ങളെയും
അന്യദേവന്മാരോടുള്ള
വിധേയത്വത്തിന്റെ അടയാളമായ
കാതിലെ കുണുക്കുകളെയും
കരുവേലകത്തിന്റെ കീഴിൽ
കുഴിച്ചിടുന്നതായും
നാം വായിക്കുന്നു.

നൽകുവാൻ കഴിയുന്നവരാകുവാൻ നമുക്ക് സാധിക്കണം. അതിന് പുതിയ ശേഖേമുകൾ ബോധപൂർവ്വം സൃഷ്ടിക്കപ്പെടണം. ഈ കോവിഡ് കാലം നമുക്ക് നൽകുന്ന ചില തിരിച്ചറിവുകളും നാം കാണാതെ പോകരുത്. അദൈവങ്ങളുടെയും അതിഭൗതികതയുടെയും പിന്നാലെയുള്ള പരക്കം പാച്ചിലിന്റെ അർത്ഥ ശൂന്യതയെ തിരിച്ചറിയുന്നതിനുള്ള ദൈവീക ഇടപെടലായി ഈ മഹാമാരിയെ വായിക്കുന്നത് ചില നല്ല തെരഞ്ഞെടുപ്പുകൾ നടത്തുവാൻ നമ്മെ പ്രാപ്തരാക്കും.

**കർത്തൃത്വ നിർമ്മിതിയും സ്വത്വ രൂപീകരണവും**

"Cannan a land of extravagant abundance, it may seduce Israel into amnesia about its true character'– Walter Brueggeman. ഭൗതിക സമൃദ്ധിയുടെ ഇടമായ കനാനിൽ എത്തിയ ഇസ്രായേൽ ജനത അവരുടെ സ്വത്വം മറക്കുവനും പുതിയ കർതൃത്വത്തിലേക്കു വഴുതി വീഴാനുമുള്ള സാധ്യത മുന്നിൽ കണ്ടു കൊണ്ടാണ് യോശുവ തന്റെ വിടവാങ്ങൽ പ്രസംഗം നടത്തുന്നത്. ഇവിടെ യോശുവ പുതിയ ഇടത്തിലെ കർത്തൃത്വ നിർമ്മിതിക്കും സ്വത്വരൂപീകരണത്തിനും ഒരു മാതൃകയായി നിലകൊള്ളുകയാണ്. ഈജിപ്തിന്റെ അടിമത്വഘടനകൾ ക്കുള്ളിൽ ജന്മംകൊണ്ട യോശുവ, മോശയുടെ ഭൃത്യനായി സേവനം ചെയ്യുന്നതായി പുറപ്പാട് പുസ്തകം സാക്ഷീകരിക്കുന്നു. ദൈവിക വാഗ്ദാനങ്ങളെ നെഞ്ചിലേറ്റിയ യോശുവ ജീവിതം മുഴുവൻ സാഹസിക ഉദ്യമങ്ങൾക്കായി സമർപ്പിച്ച വ്യക്തിയാണ്. Joshua who followed strange instructions of God. കനാൻ ഒറ്റു നോക്കുമ്പോഴും പിന്നീടുള്ള പ്രയാണത്തിലും ദൈവത്തോടുള്ള അചഞ്ചലമായ വിധേയത്വവും വിശ്വസ്തതയും പുലർത്തിയ വ്യക്തിയാണ് യോശുവ. ഇസ്രായേൽ ജനത എക്കാലവും ദൈവത്തോടുള്ള പ്രതിബദ്ധതയിൽ നിലനിൽക്കണമെന്ന ആഗ്രഹവും അതിന് മാതൃകയായി നിൽക്കുവാനുള്ള യോശുവയുടെ സമർപ്പണവും 'ഞാനും എന്റെ കുടുംബവും ഞങ്ങൾ യഹോവയെ സേവിക്കും' എന്ന പ്രസ്താവനയിൽ ഉൾച്ചേർന്നിട്ടുണ്ട്. കുടുംബം എന്നതിന് household എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. ഭാര്യ, മക്കൾ, ദാസന്മാർ, ദാസികൾ, കന്നുകാലികൾ ഇവയെല്ലാം ഉൾക്കൊള്ളുന്നതാണ് വീട് (Household). കുടുംബവും ജീവന ഇടങ്ങളും എല്ലാം യഹോവയുടെ കർതൃത്വത്തിൻ കീഴിൽ നിലനിൽക്കുമെന്ന പ്രഖ്യാപനമാണ് യോശുവ നിർവഹിക്കുന്നത്. ദൈവത്തെ ആരാധിക്കുന്ന ഒരു കേവല ആരാധനാ സമൂഹമായി മാത്രമല്ല യഹോവയെ സേവിക്കുന്ന സമൂഹമായി നിലകൊള്ളും എന്നുള്ള തീരുമാനമാണ് യോശുവ അറിയിക്കുന്നത്. ദൈവത്തോടുള്ള ബന്ധമാണ് സ്വത്വത്തെ (identity) നിർണയിക്കുന്നത്. ഇവിടെ യോശുവ യഹോവയുടെ ദാസൻ (servant) എന്ന നിലയിലാണ് തന്നെ പരിചയപ്പെടുത്തുന്നത്. അടിമയിൽ നിന്ന് മോശയുടെ ഭൃത്യൻ എന്ന ഉത്തരവാദിത്വം ഏറ്റെടുക്കുമ്പോഴും സൈന്യാധിപൻ എന്ന പദവിയിൽ എത്തിച്ചേരുമ്പോഴും ഇസ്രയേലിന്റെ സമുന്നത നേതാവായിരിക്കുമ്പോഴും യഹോവയുടെ ദാസനെന്ന തന്റെ സ്വത്വം യോശുവ ഉയർത്തിപ്പിടിക്കുകയാണ്. ശേഖേം പ്രസംഗത്തിൽ ഇസ്രയേൽ ജനതയോട് യോശുവ ആവശ്യപ്പെടുന്നതും യഹോവയോടുള്ള ബന്ധത്തിൽ അവരുടെ കർത്തൃത്വ നിർമ്മിതിയും സ്വത്വ രൂപീകരണവും സാധ്യമാക്കണമെന്നാണ്. പുറംമോടിയുടെ ഭാവപ്രകടനങ്ങളിലല്ല പരമാർത്ഥതയും വിശ്വസ്തതയും ഉൾച്ചേർന്നിരിക്കുന്ന പ്രതിബദ്ധതയാണ് യോശുവ ആവശ്യപ്പെടുന്നത്. അവിടെയാണ് വിശ്വാസം ജീവിത ആവിഷ്കാരമായി മാറുന്നത്. യഹോവയെ മാത്രം സേവിക്കുമെന്ന് ജനത്തിന്റെ മറുപടിയിൽ യിസ്രായേൽ ജനത യഹോവയോടുള്ള പ്രതിബദ്ധത പുനരാവിഷ്ക്കരിക്കുകയാണ്. യോശുവയുടെയും കുടുംബത്തിന്റെയും തിരഞ്ഞെടുപ്പ് ഒരു തലമുറയെ മുഴുവൻ സ്വാധീനിച്ചു എന്ന് വാക്യം 31-ൽ കണ്ടെത്തുവാൻ സാധിക്കും. 'യോശുവ കഴിഞ്ഞു ജീവിച്ചിരുന്നവരായി യഹോവ യിസ്രായേലിനു വേണ്ടി ചെയ്തിട്ടുള്ള സകല പ്രവർത്തികളും അറിഞ്ഞവരായ മൂപ്പന്മാരുടെ കാലത്തൊക്കെയും ഇസ്രായേൽ യഹോവയെ സേവിച്ചു'. ഒരു സമൂഹത്തിന്റെ സ്വത്വരൂപീകരണത്തിലും കർതൃത്വ നിർമ്മിതിയിലും ഒരു കുടുംബം ചെലുത്തിയ സ്വാധീനം ഇന്നും വിശ്വാസ സമൂഹത്തിന്റെ അർത്ഥപൂർണ്ണമായ ജീവിതാവിഷ്കാരത്തിന് മാതൃകയായി നിലകൊള്ളുന്നു.

ഈ കോവിഡ് കാലം നമ്മുടെ വിശ്വാസത്തിന്റെ ജീവിതാവിഷ്കാരം ഏതു വിധത്തിൽ നമ്മുടെ ജീവിതപരിസരങ്ങളെ സ്വാധീനിച്ചുവെന്ന ഒരു വിലയിരുത്തൽ ആവശ്യമാണ്. തിരിച്ചറിവുകൾക്കനുസൃതമായ തിരുത്തലുകൾക്കും തിരഞ്ഞെടുപ്പുകൾക്കും തയ്യാറാകുമ്പോൾ മഹാമാരി പോലുള്ള അസാധാരണ അനുഭവങ്ങളുടെ നടുവിലും വിശ്വസം പ്രതിഫലിപ്പിക്കുകയും കൈമാറുകയും ചെയ്യുന്ന കണ്ണികളായി നിലകൊള്ളുവാൻ നമുക്ക് സാധിക്കും.



# മാറുന്ന ലോകവും മാറ്റം ആവശ്യപ്പെടുന്ന കുടുംബ ബന്ധങ്ങളും



റവ. ഡോ. എബ്രഹാം സ്കറിയ



ഏതൊരു കാര്യത്തിനും അർഥവും പ്രാധാന്യവും കൈവരുന്നതു ഒരു പ്രത്യേക സാഹചര്യത്തിലാണ്. സാഹചര്യം മാറുമ്പോൾ അതേ കാര്യം അപ്രസക്തമാകാം. ഉദാഹരണത്തിന് പണ്ട് നമ്മുടെ നാട്ടിൽ പലയിടത്തും ചുമടു താങ്ങികൾ അഥവ ഇളപ്പുകൾ ഉണ്ടായിരുന്നു. തലച്ചുമടുമായി ഏറെ ദൂരം പോകേണ്ടവർക്ക് പരസഹായമില്ലാതെ ചുമടിറക്കി വച്ച് വിശ്രമിക്കുന്നതിനുള്ള ഒരു സംവിധാനമായിരുന്നു അത്. മനുഷ്യ പ്രയത്നത്തിലൂന്നിയ കാർഷികവൃത്തി സർവസാധാരണമായിരുന്ന ഒരു കാലത്ത് ഇളപ്പുകൾക്കു വലിയ പ്രധാന്യമുണ്ടായിരുന്നു. എന്നാൽ ജീവിത രീതിയിലും, ഗതാഗത സംവിധാനങ്ങളിലും ഉണ്ടായ മാറ്റങ്ങൾ ചുമടു താങ്ങികളെ തീർത്തും അപ്രസക്തമാക്കി. മനുഷ്യ ജീവിതവും അതിനോടനുബന്ധിച്ചുള്ള എല്ലാ പ്രസ്ഥാനങ്ങളും ഈ വിധത്തിൽ പരിവർത്തനത്തിന് വിധേയമാണ്. സാമൂഹ്യ മാറ്റങ്ങൾമൂലം വൻ പരിവർത്തനങ്ങൾക്കു വിധേയമായ ഒരു സ്ഥാപനയാണ് കുടുംബം.

സാമൂഹ്യ ശാസ്ത്ര പഠനങ്ങളും നരവംശ ശാസ്ത്ര പഠനങ്ങളും അനുസരിച്ച് മനുഷ്യർക്കു കെട്ടുറപ്പുള്ള കുടുംബങ്ങൾ ഉണ്ടായത് മനുഷ്യർ ഒരു സ്ഥലത്തു പാർത്ത് കൃഷി ചെയ്യുവാൻ ആരംഭിച്ചപ്പോഴാണ്. ഭാര്യ, ഭർത്താവ്, ഇതര കുടുംബ ബന്ധങ്ങൾ ഓരോരുത്തരുടെയും കടമകൾ, കുടുംബ നിയമങ്ങൾ, അവകാശങ്ങൾ എന്നിവയെല്ലാം കാലക്രമത്തിൽ രൂപപ്പെട്ടവയാണ്. പുരുഷന്മാർക്ക് മേധാവിത്തം കല്പിക്കപ്പെട്ടിരുന്ന പുരാതന കുടുംബങ്ങളിൽ സ്ത്രീകൾക്ക് പ്രധാനമായും മൂന്നു ചുമതലകളാണു നിർവ്വഹിക്കുവാൻ ഉണ്ടായിരുന്നതു എന്നു കാരൻ ഹോർനെ (Karen Horne) എന്ന മനശ്ശാസ്ത്രഞ്ജ ചൂണ്ടിക്കാണിക്കുന്നുണ്ട്: 1. വീട്ടു ജോലികൾ ചെയ്യുക 2. കുട്ടികളെ പ്രസവിച്ചു വളർത്തുക 3. കുട്ടികൾക്ക് മതശിക്ഷണം നൽകുക. വ്യവസായ വിപ്ലവത്തിന്റെ നാലാം തലമുറയിൽ ജീവിക്കുന്ന ഇക്കാലത്ത് ഇത്തരം കുടുംബ സങ്കൽപ്പങ്ങൾ ആരെങ്കിലും വച്ചു പുലർത്തുമെന്ന് വിശ്വസിക്കുവാൻ പ്രയാസമാണ്. നഗരങ്ങളും, ആധുനിക തൊഴിൽ സംസ്കാരവും, സാങ്കേതിക വിദ്യയും അതിനോടു ബന്ധപ്പെട്ട ജീവിത രീതികളും പഴയ കുടുംബ സങ്കൽപ്പങ്ങളെ തീർത്തും അപ്രസക്തമാക്കിയിരിക്കുകയാണ്. കുടുംബത്തെ നിരർഥകമായ പഴഞ്ചൻ ഏർപ്പാടായി കണ്ടു ഏകാന്തരായി കഴിയുവാൻ ഇച്ഛിക്കുന്നവരും, വൈകാരിക കെട്ടുപാടുകളില്ലാതെ സഹവസിക്കുന്നവരും (cohabitation), തലമുറകളുടെ ഭാരം ഒഴിവാക്കി സ്വതന്ത്രമായി ജീവിക്കുന്നവരും, സ്വവർഗ കുടുംബങ്ങളുമെല്ലാം ഇന്നിന്റെ യാഥാർത്ഥ്യങ്ങളാണ്.

എന്നാൽ വേദപുസ്തകവും സഭയും കുടുംബത്തിന് പ്രമുഖമായ ഒരു സ്ഥാനമാണ് നല്കിയിട്ടുള്ളത്. വ്യക്തി ജീവിതത്തിന് അർഥവും, ലക്ഷ്യവും ക്ഷേമവും ഉണ്ടാകുന്നത് കുടുംബ ബന്ധങ്ങളുടെ കെട്ടുറപ്പിലും ദൈവകൽപ്പിതമായ ഉത്തരവാദിത്തങ്ങളുടെ വിശ്വസ്തമായ നിർവഹണത്തിലൂടെയുമാണെന്ന് തിരുവചനം പഠിപ്പിക്കുന്നു. പുരുഷനും സ്ത്രീയും പ്രകൃതിയും ചേരുന്ന വലിയ കുടുംബത്തിലെ ഉത്തരവാദിത്തങ്ങളെ മറക്കാതെയും അതിരുകളെ ലംഘിക്കാതെയും പരസ്പര പൂരകങ്ങളായി പ്രവൃത്തിക്കുമ്പോൾ ജീവലോകം സുന്ദരവും സഫലവുമാകും. മറിച്ചായാൽ ജീവിത താളം നിലച്ച് എല്ലാം തകർന്നടിയും എന്ന മുന്നറിയിപ്പും വചനത്തിലൂടെ നമുക്ക് ലഭിക്കുന്നുണ്ട്.

ദൈവത്താൽ യോജിപ്പിക്കപ്പെടുന്ന കുടുംബങ്ങൾ പൂർണ്ണം (perfect) അല്ല. മറിച്ച് പരസ്പര ബന്ധത്തിന്റെ വിപുലമായ വലക്കണ്ണികൾ നെയ്തുകൊണ്ടു പൂർണതയിലേക്കു വളരുവാൻ നിയോഗിക്കപ്പെട്ടവരാണ്. എന്നാൽ കുടുംബങ്ങളുടെ ചിന്തകളെയും, മൂല്യബോധങ്ങളയും, പെരുമാറ്റങ്ങളെയും നിരന്തരം സ്വാധീനിക്കുന്ന ഒരു ബൃഹത് സംവിധാനം അതിനു പുറത്തുണ്ട്. പതിനെട്ടാം നൂറ്റാണ്ടിൽ ആരംഭിച്ച വ്യവസായ വിപ്ലവം കുടുംബ ബന്ധങ്ങളിലും സങ്കൽപ്പങ്ങളിലും വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിച്ചു. കഴിഞ്ഞ രണ്ടു മൂന്നു ദശകങ്ങളിലെ മാറ്റങ്ങൾ മുകളിൽ ചർച്ച ചെയ്തതുപോലെ കുടുംബങ്ങളുടെ പ്രസക്തിയെത്തന്നെ ചോദ്യം ചെയ്യുന്നു. ഈ മാറ്റങ്ങളോടു മുഖം തിരിച്ചു നിലക്കുന്നതും അവയ്ക്കൊപ്പം ഒഴുകി നീങ്ങുന്നതും ഒരുപോലെ അപകടകരമാണ്. ഒരേ സമയം പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികളെ അഭിമുഖീകരിച്ചും അതിലെ നന്മകളെ സ്വീകരിച്ചും പഴമയിലെ മൂല്യങ്ങളെ സംരക്ഷിച്ചും മാത്രമെ കുടുംബങ്ങൾക്ക് മുന്നേറാനാവു. ഈ തിരിച്ചറിവിൽ നിന്നുകൊണ്ടു മാറ്റങ്ങൾ ആവശ്യപ്പെടുന്ന ചില മേഖലകൾ ചുരുക്കമായി പങ്കുവയ്ക്കുന്നു.

### കുടുംബ ചുമതലകൾ (Family Chores)

പരമ്പരാഗത ക്രമീകരണങ്ങളിൽ കുടുംബ ചുമതലകൾ ലിംഗാടിസ്ഥാനത്തിലാണ് വിഭജിക്കപ്പെടുന്നത്. പുരുഷൻ പുറത്തെ ജോലികളും, സാമൂഹ്യ ബന്ധങ്ങളും, സാമ്പത്തിക കാര്യങ്ങളും നിർവഹിക്കുമ്പോൾ സ്ത്രീകൾക്ക് വീട്ടു ജോലികളും, കുട്ടികളെ പെറ്റു വളർത്തുന്നതും പഠിപ്പിക്കുന്നതും പ്രധാന ഉത്തരവാദിത്തങ്ങളാണ്. വിദ്യാഭ്യാസവും ലോകപരിചയവും നൈപുണ്യവുമുള്ള ഇന്നത്തെ സ്ത്രീകൾക്ക് ഇത്തരം വാർപ്പു മാതൃകകൾ അംഗീകരിക്കുവാൻ കഴിയില്ല. വീട്ടിലെ എല്ലാ ജോലികളും സ്ത്രീ പുരുഷന്മാർ പരസ്പര ധാരണയോടും അവരവരുടെ മികവിനും അനുസരിച്ച് ഏറ്റെടുത്തു ചെയ്യുന്നതാണു അഭിലാഷണീയമായിട്ടുള്ളത് പ്രത്യേകിച്ച് രണ്ടു പേരും ജോലി ചെയ്യുന്നവരാണെങ്കിൽ. അച്ഛനമ്മമാർ ഒരുമിച്ചും സന്തോഷമായും ജീവിക്കുന്നതും പരസ്പര ധാരണയോടെ പ്രവർത്തിക്കുന്നതും കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും ഭാവി ജീവിതത്തിനു ശക്തമായ ഒരു മാതൃക നൽകുകയും ചെയ്യും. പുരുഷമേൽകോയ്മയിൽ അടിസ്ഥാനപ്പെട്ട കുടുംബ വീക്ഷണം കാലഹരണപ്പെട്ടതും സ്ത്രീകളുടെയും കുട്ടികളുടെയും സർഗാത്മകമായ പല കഴിവുകളെയും പാഴാക്കുന്നതുമാണ്. അതുകൊണ്ടുതന്നെ ഇത് ക്രിസ്തീയ മാതൃകയായി സ്വീകരിക്കുവാൻ കഴിയുകയില്ല.

### കുടുംബ സമയം (Family Time)

കാർഷിക കുടുംബങ്ങളിൽ അംഗങ്ങൾ തമ്മിൽ കണ്ടു മുട്ടുന്നതിനും ആശയ വിനിമയം നടത്തുന്നതിനും അനൗപചാരികമായ ധാരാളം അവസരങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ഇന്നത്തെ മാറിയ ചുറ്റുപാടിൽ മനപൂർവമായി ശ്രമിക്കുന്നില്ലെങ്കിൽ പരസ്പരം കാണാൻ കഴിഞ്ഞെന്നു വരികയില്ല. തൊഴിൽ പണം നേടിത്തരുമെങ്കിലും ജീവിതത്തിന് അർഥം നല്കാൻ അതിനു കഴിയില്ല. അതുകൊണ്ട് നാം വില കൽപ്പിക്കുന്ന ബന്ധങ്ങളുടെ പരിപോഷണത്തിനായി എല്ലാ ദിവസവും ഗുണപരതയുള്ള അല്പ സമയം നീക്കിവയ്ക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അത്തരം സമയങ്ങൾ കുറ്റപ്പെടുത്തലുകളില്ലാത്ത തുറന്ന പങ്കുവയ്ക്കലിനും, പ്രാർഥനയ്ക്കും, ഭക്ഷണത്തിനും ഉല്ലാസത്തിനും ഉപയോഗിക്കണം. തൊഴിൽ സംബന്ധമായോ മറ്റ് ആവശ്യങ്ങൾക്കൊ വിദൂര സ്ഥലങ്ങളിലായിരിക്കുന്നവർക്കും ഇന്നത്തെ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി കുടുംബ സമയത്തിൽ പങ്കുചേരാൻ സാധിക്കും. ഇതു കുടുംബാംഗങ്ങൾ തമ്മിൽ ആഴത്തിലുള്ള അടുപ്പം സൃഷ്ടിക്കുവാനും, പിരിമുറുക്കവും ഉത്കണ്ഠയും ലഘൂകരിക്കുന്നതിനും സഹായിക്കും. പുറംലോകത്തെ പുതുമകൾ സംബന്ധിച്ച് അറിവു പകരുന്നതും മനസ്സിലാക്കുന്നതും ചർച്ച ചെയ്യുന്നതും, സമീപനങ്ങൾ കൈക്കൊള്ളുന്നതുമെല്ലാം ഈ സമയം ഉപയോഗിച്ചാണ്. മാതാപിതാക്കൾ പരസ്പരം പ്രശ്നങ്ങൾ പങ്കുവയ്ക്കുന്നതും, അനുകമ്പാപൂർവം കേൾക്കുന്നതും, അവരുടെ വികാര പ്രകടനങ്ങളുമെല്ലാം കുട്ടികളുടെ വ്യക്തിത്വ വളർച്ചയിലും സ്വഭാവ രൂപീകരണത്തിലും നിർണ്ണായകമായ ഘടകങ്ങളാണ്. കുടുംബ സമയം മറ്റ് പരിപാടികളും വ്യക്തികളും കവർന്നെടുക്കാതിരിക്കുവാൻ പ്രത്യേക ശ്രദ്ധ ഉണ്ടായിരിക്കണം.

### ആരോഗ്യകരമായ വൈകാരിക അകലം

കുടുംബാംഗങ്ങൾ തമ്മിൽ ആഴമായ പരസ്പര ബന്ധം നിലനിർത്തുമ്പോൾത്തന്നെ അവർക്കിടയിൽ വ്യക്തവും, വഴക്കവുമുള്ള അതിരുകൾ ഉണ്ടാകേണ്ടതും ആവശ്യമാണ്. വ്യക്തമായ അതിർത്തികൾ ഉണ്ടെങ്കിൽ പ്രശ്നങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്തുന്നതിനും ക്രിയാത്മകമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിനും സാധിക്കും. മാത്രമല്ല ഇതു വ്യക്തികളുടെ അഭിരുചികളെയും കഴിവുകളെയും വളർത്തുന്നതിനും പരാജയങ്ങളുടെ ഉത്തരവാദിത്തം ഏറ്റെടുത്തു തിരുത്തുന്നതിനും സഹായിക്കും. അതിരുകൾ അവ്യക്തമോ, അമിതമായി അടുത്തതോ ആകുമ്പോൾ വികാരങ്ങൾ കൂടിക്കലരുന്നതുമൂലം കുറ്റബോധവും കുറ്റപ്പെടുത്തലുകളും വർദ്ധിക്കുകയും വ്യക്തികൾക്കു സ്വതന്ത്രമായി പ്രവൃത്തിക്കാൻ സാധ്യമാകാതെ വരികയും ചെയ്യും. അതിരുകൾ അസാധാരണമായി അകന്നുപോയാലാകട്ടെ വ്യക്തികൾ തമ്മിൽ ഊഷ്മളമായ ബന്ധം ഇല്ലാതാകയും തീവ്രമായ കലഹങ്ങൾക്കു വഴിവയ്ക്കുകയും ചെയ്യും. മതിയായ സ്നേഹവും, പരിധിയുള്ള സ്വാതന്ത്ര്യവും പ്രായത്തിനും കഴിവിനും അനുസരിച്ചുള്ള ഉത്തരവാദിത്തങ്ങളും ആവശ്യങ്ങൾ മനസ്സിലാക്കിയുള്ള പ്രതികരണങ്ങളും ശരിയായ അതിരുകളുടെ പ്രതിഫലനമാണ്. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഒരു ലോകത്തിൽ കുടുംബങ്ങൾക്ക് മാറ്റങ്ങൾ അനിവാര്യമാണ്. ദൈവത്തോട് ചേർന്ന് പുതിയ സാഹചര്യങ്ങളിലെ വെല്ലുവിളികളെ നേരിടുവാൻ ആവശ്യമായ മാറ്റങ്ങൾ വരുത്തി നമുക്ക് മുന്നേറാം.


**മലങ്കര മാർത്തോമ്മ സുറിയാനി സഭ**

**അടൂർ ഭദ്രാസനം**

**37–ാമത് അടൂർ ഭദ്രാസന കൺവൻഷൻ**

**അടൂർ കൺവൻഷൻ നഗർ, 2021 ജനുവരി 06 ബുധൻ മുതൽ 10 ഞായർ വരെ**
**വൈകിട്ട് 6.30 മുതൽ 8.30 വരെ**

പ്രസംഗകർ:

**നി. വ. ദി. മ. ശ്രീ. ഡോ. തിയഡോഷ്യസ് മാർത്തോമ്മ മെത്രാപ്പോലീത്ത**
**നി. വ. ദി. ശ്രീ. ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ**

**റവ. ഷാജി തോമസ് ആലുവ | റവ. തോമസ് സഖറിയ പെണ്ണുക്കര**
**റവ. ഡോ. മോത്തി വർക്കി,കോട്ടയം | ശ്രീമതി മെർലിൻ റ്റി. ബിജു**

**ഉദ്ഘാടന യോഗത്തിൽ (06–01–2021) അഭിവന്ദ്യ മെത്രാപ്പോലീത്ത ഡോ. തിയഡോഷ്യസ് മാർത്തോമ്മ മെത്രാപ്പോലീത്തായ്ക്ക് സ്വീകരണം നൽകുന്നതാണ്**

അനുമോദന പ്രസംഗം:

**ശ്രീ. ജിജി തോംസൺ ഐ.എ.എസ്. (മുൻ കേരളാ ചീഫ് സെക്രട്ടറി)**
**വെരി. റവ. റ്റി. കെ. മാത്യു**

**എല്ലാ യോഗങ്ങളും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് അനുവദനീയമായ എണ്ണം ആളുകളെ ചേർത്ത് നടത്തുന്നതും ഓൺലൈൻ സംപ്രേഷണം ഉണ്ടായിരിക്കുന്നതുമാണ്.**

**റവ. ജോൺസൺ സി. ജേക്കബ്** (ജനറൽ കൺവീനർ)


അടുത്ത ലക്കം ഹെർമ്മോൻ ദൂതനിൽ പ്രസിദ്ധീകരിക്കുവാനുള്ള ധ്യാനങ്ങൾ, ലേഖനങ്ങൾ, ചെറുകഥകൾ, കവിതകൾ, പരസ്യങ്ങൾ പ്രസിദ്ധീകരിക്കുവാൻ ആഗ്രഹിക്കുന്നവർ 2021 ഫെബ്രുവരി 20നു മുമ്പായി ഹെർമ്മോൻ അരമന ഓഫീസിൽ പോസ്റ്റൽ/ഇ-മെയിൽ ആയോ അയച്ചുതരിക.

കൂടുതൽ വിവരങ്ങൾക്ക്

**റവ. പി. ജെ. തോമസ്**

ഫോൺ: 9447804802, എഡിറ്റർ, ഹെർമ്മോൻ ദൂതൻ, ഹെർമോൻ അരമന, അടൂർ- 691 523
E-mail: hermondoothan@gmail.com

# സ്തുതിഗീതം



**ജോർജ്ജ് ഫിലിപ്പ് എബനേസർ**
ചാരുംമൂട് ക്രിസ്റ്റോസ്



സ്തുതിഗീതം പാടുക മനമേ, എന്നും സ്തുതിഗീതം പാടീടുക
പാപമാം രോഗത്തിൽ, കഷ്ടത്തിൽ കോട്ടയിൽ
ആശ്രയമില്ലാതലഞ്ഞനേരം തെല്ലും ആശയില്ലാതെ വലഞ്ഞനേരം
പൊൻകരം നീട്ടി, സ്വാന്തനമേകി പാലിച്ച
വൻകൃപയോർത്ത് പാടുക നീ മനമേ എന്നും സ്തുതിഗീതം പാടീടുക

മാതാപിതാക്കളും പ്രിയരാം സോദരും ആകവെ കൈവെടിഞ്ഞു
പാരിൽ, ഏകനായ് തീർന്ന നേരം
ചേർത്തവൻ ചാരേ അരുളി തൻ ശാന്തി
ഏകിയ സന്തോഷമോർത്ത് പാടുക നീ മനമേ എന്നു സ്തുതിഗീതം പാടീടുക

ദുഷ്ടനാം സാത്താൻ ക്രൂരമ്പുകളുമായ്
താണ്ഡൽ തുടങ്ങിയ നേരം
മഹാ താണ്ഡൽ തുടങ്ങിയ നേരം
ഏകി തൻ നൽതുണ, തീർത്തവൻ ബന്ധുവായ്
രക്ഷിച്ച വൻ കൃപയോർത്ത് പാടുക നീ മനമേ എന്നും സ്തുതിഗീതം പാടീടുക

മരണത്തിൽ കോട്ടയിൽ, ബന്ധിക്കപ്പെട്ടു ഞാൻ
ആശയറ്റവനായ് തീർന്നനേരം തെല്ലും ആശയില്ലാതെ വലഞ്ഞ നേരം
തന്നുടെ രക്തം വിലയായ് നല്കി വിടുവിച്ച
വൻകൃപയോർത്ത് പാടുക നീ മനമേ എന്നു സ്തുതിഗീതം പാടീടുക

സ്വർഗ്ഗീയ മന്നായും ജീവന്റെ ജലവും
അൻപോടടിയാനു നൽകി, ബലം കഴുകനു  സമമായ് നൽകി
പോറ്റി പുലർത്തുന്ന നിത്യമാം സ്നേഹത്തെ
ഓർത്ത് പാടുക നീ മനമേ എന്നു സ്തുതിഗീതം പാടീടുക

## പ്രശ്നോത്തരി

കഴിഞ്ഞ ലക്കത്തിലെ വിജയി
**ലിനു യോഹന്നാൻ**
**തുരുത്തിക്കര ഇമ്മാനുവൽ**

**ശരിയായ ഉത്തരം അയച്ചവർ**

1. ജോളി റിനു, തെക്കനാൽ ശാലേം
2. റീനു കെ. ഉമ്മൻ, തെക്കനാൽ ശാലേം
3. ലിനു യോഹന്നാൻ, തുരുത്തിക്കര ഇമ്മാനുവേൽ

ഹെർമ്മോൻ ദൂതൻ പ്രശ്നോത്തരിക്ക് ലഭിക്കുന്ന അദ്ഭുതപൂർവ്വമായ പ്രതികരണത്തിന്
**നന്ദി..**

ശരിയുത്തരം അയയ്ക്കുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെയാണ് വിജയിയെ നിർണ്ണയിക്കുക

**എഡിറ്റർ**

### ഈ ലക്കത്തിലെ ചോദ്യങ്ങൾ

1. കടിഞ്ഞൂലുകളെ സംഹരിച്ചതു എത്രാമത്തെ ബാധ?
2. യാഗപീഠത്തിനു യാക്കോബു നല്കിയ പേര്?
3. വ്യവസായ വിപ്ലവം ആരംഭിച്ചതു എന്ന്?
4. പർവ്വതാരോഹണം പോലെയാണ് ജീവിതം ആരു പറഞ്ഞു?
5. 22-ാം മാർത്തോമ്മാ മെത്രാപ്പോലീത്താ ആര്?
6. മോശയ്ക്ക് ശേഷം ആരെയാണ് ദൈവം നൽകിയത്?
7. കുട്ടികൾക്ക് മുന്നോട്ടു പോകാനുള്ള ഊർജ്ജ സ്രോതസ്സ്?

**ഈ ലക്കം ഹെർമ്മോൻ ദൂതൻ അടിസ്ഥാനമാക്കിയുള്ള താണ് ചോദ്യങ്ങൾ.**
**ശരിയുത്തരം നൽകുന്നവരിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ സമ്മാർഹനാകുന്നതാണ്.**
**ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി: 2021 ഫെബ്രുവരി 20**



## 2019-20 അക്കാഡമിക് വർഷത്തിലെ SSLC & Plus Two പരീക്ഷയ്ക്ക് Full A+ ലഭിച്ച കുട്ടികൾക്ക് അഭിനന്ദനങ്ങൾ

### SSLC



**അലൻ തോമസ് ജോൺ**
തേവലക്കര വലിയപള്ളി



**മഹിമ സൂസൻ വൈദ്യൻ**
തേവലക്കര വലിയപള്ളി



**റിയ റെയ്ച്ചൽ കോശി**
തേവലക്കര വലിയപള്ളി



**മെർലിൻ റെയ്ച്ചൽ മാത്യു**
കൊറ്റനല്ലൂർ ശാലേം

### Plus Two



**റീനാ കോശി**
തേവലക്കര വലിയപള്ളി



**സ്നേഹ എസ്. ബിനോയ്**
തേവലക്കര വലിയപള്ളി



**അനു തോമസ് ശാമുവൽ**
തേവലക്കര വലിയപള്ളി

## 2020 ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റികളിലേക്ക് മാർത്തോമ്മാ സഭ അടൂർ ഭദ്രാസനത്തിലെ ഇടവകകളിൽ നിന്നും ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ടവർക്ക് അഭിനന്ദനങ്ങൾ



**വർഗീസ് തരകൻ**
തേവലക്കര ഇമ്മാനുവൽ



**ലാലി ബാബു**
തേവലക്കര ഇമ്മാനുവൽ



**ലിന്റോ വൈ.**
തുവയൂർ സെന്റ് ആൻഡ്രൂസ്



**മേഴ്സി മാത്യു**
ഏഴംകുളം ശാലേം



**സുഷ അലക്സ്**
കൊല്ലക സെന്റ് തോമസ്



**മിനി ശമുവേൽ**
കായംകുളം ശാലേം



**റോണി പാണംതുണ്ടിൽ**
കണ്ണംകോട് എം.റ്റി.സി



**ജോർജ് തോമസ്**
പുതുവൽ സെന്റ് തോമസ്



**ബീനാ ജോൺസൺ**
കോഴിക്കോട് സെന്റ് തോമസ്



**പൊന്നമ്മ ജയൻ**
പത്തനാപുരം ഇമ്മാനുവൽ



**ഷീനാ ജിനു**
പിടവൂർ എബനേസർ



**ജെസി തോമസ്**
പിറവന്തൂർ എം.റ്റി.സി



**സുരേഷ് തോമസ് നൈനാൻ കാട്ടൂർ**
കറ്റാനം സെന്റ് തോമസ്



**ഷീബാ അനി**
ഏനാത്ത് എം.റ്റി.സി

തറയിൽ കടവ് ശാലേം മാർത്തോമ്മാ ഇടവകയുടെ കൂദാശ കർമ്മം അഭി. ഡോ. തിയഡോഷ്യസ്
മാർത്തോമ്മാ മെത്രാപ്പൊലീത്ത നിർവ്വഹിക്കുന്നു







താന്നിക്കുന്ന് സെഹിയോൻ മാർത്തോമ്മാ ഇടവകയുടെ കൂദാശ കർമ്മം അഭി. ഡോ. എബ്രഹാം മാർ
പൗലോസ് എപ്പിസ്കോപ്പ നിർവ്വഹിക്കുന്നു









അടൂർ ഭദ്രാസനം 'സൃഷ്ടിക്കൊരു സങ്കീർത്തനം' ക്രിസ്തുമസ് കരോൾ 2020
ഗായകസംഘം





കുളക്കട സെന്റ് തോമസ് മാർത്തോമ്മാ ഇടവകയുട കോവിഡ് 19 സന്നദ്ധ പ്രവർത്തകർക്കുള്ള
സ്നേഹോപഹാരം



മാർത്തോമ്മാ സുവിശേഷ സേവികാസംഘം ക്രമീകരിച്ച ക്രിസ്തുമസ് രാവ് 2020
അടൂർ ഭദ്രാസന സേവികാസംഘത്തിന്റെ ഗാനാലാപനം





ഭദ്രാസന കൺവൻഷനുള്ള
സ്തോത്രകാഴ്ച സഞ്ചി സുവിശേഷകർ
അഭി. തിരുമേനിക്ക് കൈമാറുന്നു



സുവിശേഷവേലയിൽ 50 വർഷം പൂർത്തീകരിച്ച
സുവിശേഷകൻ ഒ.എം മാത്യുവിന്
സ്നേഹാദരവ് നൽകുന്നു



കുടുംബജീവിതത്തിൽ 71 വർഷം പൂർത്തീകരിച്ച ദമ്പതികളെ
ഏഴംകുളം ശാലേം മാർത്തോമ്മാ ഇടവക ആദരിക്കുന്നു

## വൈദിക കൂട്ടായ്മ



കായംകുളം സെന്റർ



പന്തളം സെന്റർ



# ഗബ്രിയേലിൻ ദർശന സാഫല്യമായ് സർവ്വലോകർക്കും നന്മയേകും കാരുണ്യമായ്



ഡോ. മാത്യു ജോൺ കളീലിൽ,
തേവലക്കര

ഹൃദയസ്പർശിയായ ഈ ഈരടികൾ ജാതിമതവ്യത്യാസം കൂടാതെ സമീപകാല ക്രിസ്മസ് സായാഹ്നങ്ങളെ സന്തോഷഭരിതമാക്കി. ജീവിതത്തിലെ ഇല്ലായ്മകളെ മറന്ന് ഉണ്ണി യേശുവിന്റെ തിരുപ്പിറവി ഉത്സാഹഭരിതരായി ആഘോഷിക്കുന്ന കടലിന്റെ മക്കളുടെ മനോഹരദൃശ്യമാണ് മലയാളിമനസിൽ ഇതു സൃഷ്ടിച്ചത്.

വീണ്ടും ഒരു പുതുവർഷം ആഗതമായി. ഈ പുതുവർഷം ആരോടൊപ്പം എന്ന ചോദ്യത്തിന് കൊറോണ കാലം പുതിയ ഉത്തരം നൽകിയിരിക്കുന്നു. ഈ കാലയളവ് കുടുംബത്തോടൊപ്പം നിശബ്ദ വിപ്ലവത്തിലൂടെ ശബ്ദാനമായ ഈ ലോകത്തെ നിശബ്ദമാക്കിയ കൊറോണ വൈറസ്, ഒരു പുതിയ ജീവിതശൈലി തന്നെ നമ്മേ പരിശീലിപ്പിച്ചു. ആചാരങ്ങൾ അനുഷ്ഠാനങ്ങൾ വഴിമാറി. അതിവേഗം, ബഹുജനം, നൂനതവത്ക്കരണം എല്ലാറ്റിനും മാന്ദ്യം നേരിട്ടു. ആദിയിൽ ഏദനിൽ ധ്വനിച്ച ആ മംഗല്ല്യാശീർവാദം ‘കുടുംബം’ നമ്മുടെ ശരണകേന്ദ്രമായി.

കുടുംബബന്ധങ്ങൾക്ക് ഊടും പാവും നെയ്ത് ശക്തിപ്പെടുത്തുവാൻ കൊറോണ നമ്മെ പഠിപ്പിച്ചു. കലാലയങ്ങളിൽ പാറിപ്പറന്ന് നടന്ന നമ്മുടെ കുഞ്ഞുങ്ങൾ, ആത്മീയ കൂട്ടായ്മകളിൽ ഊർജ്ജം ഉൾക്കൊണ്ട് ശക്തിപ്പെട്ടിരുന്ന പ്രായമായ മാതാ



പിതാക്കൾ സുരക്ഷിതത്വം ലക്ഷ്യമാക്കി ഭവനത്തിന്റെ ചുവരുകൾക്കുള്ളിൽ അടയ്ക്കപ്പെട്ടു. ദേവാലയങ്ങളുടെ വാതിൽ ഇവർക്കു മുന്നിൽ അടയ്ക്കപ്പെട്ടു. കൊറോണ സൃഷ്ടിച്ച പ്രതിസന്ധിയിൽ കുടുംബബന്ധങ്ങൾക്ക് ഏറ്റവും പ്രാധാന്യം ആവശ്യമായ കാലത്തിലൂടെ നാം കടന്നുപോകുന്നു.

**ഒരു PSC കുടുംബം ഇന്നിന്റെ അനിവാര്യത**

കോവിഡ് മഹാമാരിയിൽ ഏറ്റവും സുരക്ഷിത കേന്ദ്രമായി നമ്മുടെ ഭവനങ്ങൾ മാറ്റപ്പെട്ടിരിക്കുന്നു. പുതിയ വെല്ലുവിളികളും; അവസരങ്ങളും ഉപയുക്തമാക്കുവാൻ നമ്മുടെ ഭവന അന്തരീക്ഷം സൗഹൃദമാകുവാൻ ബോധപൂർവ്വമായ പരിശ്രമം ആവശ്യമായിരിക്കുന്നു. പരസ്പര വിശ്വാസത്തിന്റെയും, സ്നേഹത്തിന്റെയും പ്രഭവ കേന്ദ്രമായ് നമ്മുടെ ഭവനം ആയി തീരുവാൻ കാലം ആവശ്യപ്പെടുന്നു. വർദ്ധിച്ചുവരുന്ന ഗാർഹിക പീഢനം, ആത്മഹത്യാ പ്രവണത ഈ ദൗത്യ നിർവ്വഹണത്തിലെ പരാജയം വെളിവാക്കുന്നു. ഉന്നത ക്രൈസ്തവ പാരമ്പര്യം ഉള്ള ഭവനങ്ങളിൽ നിന്ന് പോലും ആത്മഹത്യയുടെയും, അവഗണനയുടെയും ചിത്രങ്ങൾ പുറത്തു വരുന്നത് ശിഥിലമായ കുടുംബബന്ധങ്ങളുടെ നേർക്കാഴ്ച്ചയാണ്. 'കൂടുമ്പോൾ ഇമ്പമുള്ള' കുടുംബമായി മാറുവാൻ പ്രാർത്ഥന (Prayer), പങ്കുവയ്ക്കൽ (Sharing), കരുതൽ (Caring) എന്ന അടിസ്ഥാന ശിലകളിൽ നമ്മുടെ കുടുംബശക്തിപ്പെടുവാൻ കോവിഡ് പ്രതിസന്ധി ആഹ്വാനം ചെയ്യുന്നു.

**പ്രാർത്ഥന കുടുംബം (Praying Family)**

ക്രൈസ്തവ വിശ്വാസത്തിന്റെ കരുത്ത് പ്രാർത്ഥന ജീവിതമത്രേ. ഇത് ഒരു ആവശ്യം മുൻ നിർത്തിയുള്ളതോ, പ്രതിസന്ധി തരണം ചെയ്യുവാനോ മാത്രമുള്ള ഉപാധി അല്ല. ജീവിതചര്യ ആകുന്നു. വാഗ്ദത്തങ്ങളിൽ വിശ്വസ്ഥനായ കർത്താവിന്റെ കരങ്ങളിൽ പിടിച്ച് അചഞ്ചല വിശ്വാസത്തോടെ, ഈ ലോകയാത്രയിൽ വിജയകരമായ മുന്നേറുകയാണ്. ദൈവകൃപയിൽ ശക്തിപ്പെട്ട്, ആത്മവിശ്വാസം ഉൾക്കൊണ്ട്, പ്രതിസന്ധിയിൽ തളരാതെയുള്ള മോക്ഷയാത്രയാണിത്. പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യന് സമമാക്കുന്ന പ്രാർത്ഥന ജീവിതം നമ്മുടെ കുടുംബത്തിന് വിളക്കാകുന്നു. സൃഷ്ടിയിൽ മകുടമായി സ്വന്തരൂപത്തിലും ഭാവത്തിലും ശ്വാസത്തിലും ദൈവം സൃഷ്ടിച്ച ഈ മനുഷ്യൻ നഷ്ടപ്പെട്ടു പോകുവാൻ സ്വർഗ്ഗം അനുവദിക്കുകയില്ല എന്ന ഉറപ്പും ധൈര്യവും ഉൾക്കൊണ്ട് കോവിഡ് കാലത്തിൽ കർമ്മനിരതരാകാം.

**പങ്കുവയ്ക്കുന്ന കുടുംബം (Sharing Family)**

ഓരോ പ്രതിസന്ധിയും ഓരോ അവസരങ്ങൾ ആണ്. നമ്മുടെ കുടുംബ ജീവിതത്തിലെ സന്തോഷങ്ങളും, ദുഃഖങ്ങളും പങ്കുവെക്കുവാനുള്ള അവസരമായി കോവിഡ് പ്രതിസന്ധി മാറണം. തമ്മിൽ തമ്മിൽ ഭാരങ്ങൾ ചുമക്കുവാൻ കുടുംബ ജീവിത സഹായകരമാകണം. സാമൂഹ്യ-സാമ്പത്തിക പ്രതിസന്ധികളിൽ തളർന്നു പോകുന്നവർക്ക് നമ്മുടെ ലഭ്യമായ വിഭവങ്ങൾ പങ്കുവെക്കുവാനുള്ള വലിയ വേദിയായി നമ്മുടെ കുടുംബജീവിതം ധന്യമാക്കണം. 'എനിക്ക് എന്ത് കിട്ടും'? എന്ന സ്വാർത്ഥ ചിന്തയോ, 'എനിക്കെന്ത് വേണം?' എന്ന ഒഴിഞ്ഞ് മാറലോ അല്ല, പ്രത്യുത നല്ല ശമര്യാക്കാരന്റെ വലിയ മനസിന്റെ ഉടമകളായി മാറി വിഭവങ്ങളെ പങ്കുവക്കുവാൻ കുടുംബ ജീവിതത്തിന് സാധ്യമാകണം.

**കരുതുന്ന കുടുംബം (Caring Family)**

പരസ്പരം കരുതുകയും സ്നേഹിക്കുകയും ചെയ്യുന്നതോടൊപ്പം തന്നെ, അയൽക്കാരന്റെ ആവശ്യങ്ങൾ അനുഭാവപൂർവ്വം നിവർത്തിക്കുകയും ചെയ്യുവാൻ കുടുംബം മാതൃകയാകണം. പ്രായമായ മാതാപിതാക്കൾ പാർശ്വവത്ക്കരിക്കപ്പെടുന്നതും, മാനസിക സംഘർഷം അടിച്ചേൽപ്പിക്കപ്പെടുന്ന കുഞ്ഞു മനസുകളും കുടുംബബന്ധങ്ങളെ ശിഥിലമാക്കും. കോവിഡ് പ്രതിസന്ധി കാലഘട്ടത്തിൽ കൂടുതൽ സന്തോഷകരമായ ഗൃഹാന്തരീക്ഷം സ്വായത്തമാക്കുവാൻ ബോധപൂർവ്വമായ കരുതൽ ആവശ്യമാണ്.

കൊറോണ രൂപപ്പെടുത്തിയ അകലത്തിന്റെ മദ്ധ്യത്തിൽ ക്രിസ്തുകേന്ദ്രീകൃതമായ ജീവിതശൈലിയിലൂടെ രൂപപ്പെടുന്ന പ്രാർത്ഥനയുടെയും പങ്കിടലിന്റെയും കരുതലിന്റെയും പുതുവർഷം രൂപകല്പന ചെയ്യുവാൻ സർവ്വശക്തൻ ഈ കോവിഡ് പ്രതിസന്ധിയിൽ കൃപയരുളട്ടെ.

## ക്വട്ടേഷൻ ക്ഷണിക്കുന്നു

കറ്റാനത്തിനടുത്ത് ഇലിപക്കുളത്ത് നിർമ്മിക്കുന്ന '**സീനിയർ സിറ്റിസൺ ഹോം**' ന്റെ കെട്ടിട നിർമാണത്തിനുള്ള ക്വട്ടേഷൻ ക്ഷണിക്കുന്നു. ജനുവരി 10 വരെ ക്വട്ടേഷൻ സ്വീകരിക്കും. ടെൻഡർ ഫോം ഭദ്രാസന ഓഫീസിൽ നിന്ന് ലഭിക്കും.

**റവ. വി. കുഞ്ഞുകോശി (ഭദ്രാസന സെക്രട്ടറി)**





# മനുഷ്യസ്നേഹിയായ ശ്രേഷ്ഠ ഇടയൻ



**വെരി. റവ. റ്റി. കെ. മാത്യു**
വികാരി ജനറാൽ

മലങ്കര സഭയുടെ സൂര്യതേജസ്സും 21-ാം നൂറ്റാണ്ടിൽ മലങ്കര സഭയ്ക്ക് നേതൃത്വം നൽകുവാൻ ദൈവം തെരഞ്ഞെടുത്ത 21-ാം മാർത്തോമ്മാ ആയ അഭി. ഡോ. ജോസഫ് മാർത്തോമ്മ മെത്രാപ്പോലീത്തായുടെ ദേഹവിയോഗം സഭയ്ക്കും സമൂഹത്തിനും ഒരു തീരാനഷ്ടമാണ്. ദൈവം തന്നെ ഏല്പിച്ച ശുശ്രൂഷ അനുഗ്രഹകരമായി പൂർത്തീകരിച്ച് ദൈവസന്നിധിയിലേക്ക് അഭിവന്ദ്യ തിരുമേനി യാത്രയായി. അചഞ്ചലമായ വിശ്വാസത്തിന്റെയും ഉന്നതമായ നേതൃത്വ പാടവത്തിന്റെയും സമുന്നതമായ ദീർഘ ദർശനത്തിന്റെയും ഉടമയായിരുന്നു അഭിവന്ദ്യ തിരുമേനി. സഭയുടെ സമസ്ത മേഖലകളിലുമുള്ള സർവ്വതോത്മുഖമായ വളർച്ചയ്ക്കും വികസനത്തിനും വേണ്ടി അക്ഷീണം പ്രവർത്തിച്ച തിരുമേനിയുടെ നേതൃത്വം വിലപ്പെട്ടതായിരുന്നു.

തിരുമേനിയുടെ പ്രോത്സാഹനവും ഉപദേശവും പട്ടത്വ ശുശ്രൂഷയിൽ എനിക്ക് ലഭിച്ചിട്ടുണ്ട്. 22 വർഷം വിവിധ ഇടങ്ങളിൽ, ഭദ്രാസനങ്ങളിൽ അഭിവന്ദ്യ തിരുമേനിയുടെ കീഴിൽ പ്രവർത്തിപ്പാൻ ദൈവം ഇടയാക്കി. 1979-ൽ ഞാൻ മല്ലശ്ശേരി ഇടവക വികാരിയായി അഭിവന്ദ്യ തിരുമേനിയുടെ കീഴിൽ പ്രവർത്തിച്ച സന്ദർഭത്തിലാണ് എന്നെ യുവജനസഖ്യം അസി. സെക്രട്ടറിയായി തിരുമമേനി നിയമിച്ചത്. അന്ന് അഭിവന്ദ്യ തിരുമേനിയായിരുന്നു യുവജനസഖ്യം പ്രസിഡന്റ് തുടർന്ന് യുവജനസഖ്യം സെക്രട്ടറിയായും എനിക്ക് പ്രവർത്തിപ്പാൻ ഇടയായി. തിരുമേനി യുവജനസഖ്യം പ്രസിഡന്റായിരുന്ന കാലഘട്ടത്തിലാണ് മാരാമൺ കൺവൻഷൻ കാസറ്റ് തയ്യാറാക്കാൻ ഇടയായത്.

മാർത്തോമ്മാ സഭാ ബുക്ക് ഡിപ്പോ വലിയ നഷ്ടത്തിലായ വേളയിൽ മാർത്തോമ്മാസഭാ ബുക്ക് ഡിപ്പോ മാരാമൺ കൺവൻഷൻ നഗറിൽ തിരുമേനിയുടെ ഉപദേശ പ്രകാരമാണ് തുടങ്ങിയത്. അത് വളരെ ലാഭകരമായി നടത്തുന്നതിന് ഇടയായി. മാരാമൺ കൺവൻഷനിൽ പങ്കെടുക്കുന്ന യുവജനങ്ങളെ പങ്കെടുപ്പിച്ച് കൊണ്ട് യുവവേദിയും കൺവൻഷൻ നഗറിൽ ആരംഭിച്ചു. യുവജനസഖ്യത്തെ ആഴമായി സ്നേഹിച്ച തിരുമേനി യുവജനസഖ്യം ചുമതലയിൽ ഞാൻ ആയിരുന്നപ്പോൾ എനിക്ക് നല്കിയ കൈത്താങ്ങൽ ഒരിക്കലും മറക്കുവാൻ കഴിയുകയില്ല.

അടൂർ ഭദ്രാസനത്തിൽ തിരുമേനി രണ്ടു പ്രാവശ്യം ചുമതല വഹിച്ചു. ഭദ്രാസനത്തിന്റെ ആകമാനമായ വളർച്ചയിൽ തിരുമേനി ശ്രദ്ധിച്ചിരുന്നു. കറ്റാനം ആശുപത്രി അടച്ചു പൂട്ടേണ്ട ഒരു കാലഘട്ടത്തിൽ തിരുമേനിയുടെ സുധീരമായ നേതൃത്വമായിരുന്നു വീണ്ടും ആ പ്രസ്ഥാനത്തെ വളർത്തിക്കൊണ്ട് വരുവാൻ ഇടയായത്. അവിട നഴ്സിംഗ് സ്കൂൾ ഹോസ്റ്റൽ മറ്റ് കെട്ടിടങ്ങളൊക്കെ പണിയുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും ആശുപത്രിയെ കൈപിടിച്ച് വളർത്തുന്നതിനും തിരുമേനി ശ്രദ്ധിച്ചു.

സംഘർഷം നിറഞ്ഞ സമൂഹത്തിൽ ഒരു അനുരഞ്ജനത്തിന്റെ പ്രവാചകനായിട്ടാണ് തിരുമേനി പ്രവർത്തിച്ചിട്ടുള്ളത്. വേദനിക്കുന്നവർക്കു അശരണർക്കും ഒരു അത്താണി ആയിരുന്നു തിരുമേനി. 2004-ൽ കേരളത്തെ ദുഃഖത്തിലാഴ്ത്തിയ പ്രകൃതിക്ഷോഭമായിരുന്നു സുനാമി. ഞാൻ കായംകുളം ഇടവക

വികാരിയായിരുന്ന കാലം അതിന് സമീപമുള്ള കടൽത്തീരത്ത് സുനാമി ആഞ്ഞടിച്ച വിവരം അഭിവന്ദ്യ തിരുമേനി അറിഞ്ഞ ഉടൻ അവിടെയെത്തി രക്ഷാപ്രവർത്തനങ്ങൾക്കും, പുനരധിവാസത്തിനും നേതൃത്വം നല്കിയത് ഞാൻ ഇന്നും ഓർക്കുന്നു. ഭവനരഹിതരായവർക്ക് കാസായുടെ സഹായത്തോടെ ആ പ്രദേശങ്ങളിൽ ഭവനം നിർമ്മിച്ച് നല്കി ഉപജീവനത്തിന് തൊഴിൽ സഹായവും നല്കി. തറയിൽക്കടവ് മിഷൻഫീൽഡ് തിരുമേനി വളരെ ശ്രദ്ധിച്ചിരുന്നു. അവിടെ മിഷൻ പ്രവർത്തനങ്ങൾക്ക് വേണ്ടി വസ്തു സമ്പാദിക്കുന്നതിനും തിരുമേനിയോട് ചേർന്ന് പ്രവർത്തിപ്പാൻ എനിക്കും അവസരം ലഭിച്ചു. അടൂർ ഹെർമ്മോൻ അരമന പണി നടത്തിയത് തിരുമേനിയുടെ നിശ്ചയദാർഢ്യം കൊണ്ടാണ്. അഭി. തിരുമേനി അടൂർ മാവേലിക്കര ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായി ഇരുന്ന കാലയളവിലാണ് മാവേലിക്കരയിൽ മെന്റലി ചലഞ്ച്ഡ് ആയ കുട്ടികൾക്കായി ജ്യോതിസ് സ്കൂളിന്റെ നിർമ്മാണം സഫലമായത്. ഒരു വാടക കെട്ടിടത്തിലായിരുന്നു ജോതിസ് സ്കൂൾ പ്രവർത്തിച്ചത്. അന്ന് മുഖ്യമന്ത്രിയായിരുന്ന ബഹു. എ.കെ. ആന്റണിയാണ് സ്കൂളിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. അന്ന് സ്കൂളിന്റെ വൈസ് പ്രസിഡന്റായി തിരുമേനിയോടൊപ്പം പ്രവർത്തിപ്പാൻ ഇടയായത് ഒരു ഭാഗ്യമായിക്കരുതുന്നു.

2013-ൽ സഭയുടെ വികാരി ജനറാൾ ആയി എന്നെ നിയോഗിച്ചപ്പോൾ നിരണം മാരാമൺ ഭദ്രാസനത്തിന്റെ ചുമതലയിലേക്കാണ് എന്നെ നിയോഗിച്ചത്. കൂടാതെ മാരാമൺ മാർത്തോമ്മാ ഇടവകയുടെ വികാരിയായും നിയമിച്ചു. ഈ കാലയളവിൽ തിരുമേനിയുടെ സ്നേഹവും കരുതലും എനിക്ക് ഏറെ അനുഭവിപ്പാൻ അവസരം ലഭിച്ചത് നന്ദിയോടെ സ്മരിക്കുന്നു.

ഹൃദയവിശാലതയുള്ള ഒരു തിരുമേനിയായിരുന്നു ഡോ. ജോസഫ് മാർത്തോമ്മ മെത്രാപ്പോലീത്താ. അദ്ദേഹത്തോട് അഭിപ്രായങ്ങൾ തുറന്നു പറയുന്നതും, പ്രകടിപ്പിക്കുന്നതും അദ്ദേഹത്തിന് സന്തോഷമായിരുന്നു. ശരി എന്ന് തോന്നുന്ന പക്ഷം അതിനെ സ്വീകരിക്കുന്നതിന് അദ്ദേഹത്തിന് യാതൊരു മടിയും ഇല്ല. കരങ്ങളെ വ്യക്തമായി പറയുന്നവരെ നെഞ്ചോട് ചേർക്കുന്ന സ്വഭാവമായിരുന്നു അദ്ദേഹത്തിന്. അഭി. ജോസഫ് മാർത്തോമ്മാ എപ്പിസ്കോപ്പയായിരുന്ന കാലത്ത് അദ്ദേഹം എടുത്ത ചില തീരുമാനങ്ങളെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കാലം ചെയ്ത ഡോ. അലക്സാണ്ടർ മാർത്തോമ്മ ഞങ്ങളെ കമ്മീഷനായി നിയമിച്ചു. അഭി. ഐറേനിയസ് തിരുമേനിയുടെ ശ്രദ്ധയിൽ പെടാതെ പോയ നടപടിക്രമങ്ങളെക്കുറിച്ച് ചൂണ്ടികാണിച്ചുള്ള റിപ്പോർട്ട് ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്ക് നൽകി. അതിന്റെ വെളിച്ചത്തിൽ പ്രസ്തുത തീരുമാനങ്ങൾ റദ്ദു ചെയ്തു. മറ്റൊരു സംഭവം ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ ആയിരുന്ന സമയത്ത് നടന്നതും കുറിച്ചു കൊള്ളട്ടെ. ഒരു ഇടവകയിലെ ഒരാൾക്ക് ഇടവകാംഗത്വം ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത നൽകുകയുണ്ടായി. എന്നാൽ പ്രസ്തുത തീരുമാനം പിന്നീട് മരവിപ്പിച്ചു. അംഗത്വം നൽകിയതും സംബന്ധിച്ചും മറ്റും ഇടവകയിൽ ഉണ്ടായ പ്രശ്നങ്ങളെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകുന്നതിനായി ഞങ്ങളെ കമ്മീഷനായി നിയോഗിച്ചു. എന്നാൽ ആ ഇടവകയിലെ ചിലർ തിരുമേനിയെ തെറ്റിദ്ധരിപ്പിച്ചതിന്റെ ഫലമായി തിരുമേനി അംഗത്വം നൽകിയതിൽ അപാകത ഉണ്ടായ വിവരം ഞങ്ങൾ റിപ്പോർട്ട് ചെയ്തു. ഈ സംഭവങ്ങൾ എല്ലാം വളരെ ക്രിയാത്മകമായി തിരുമേനി സ്വീകരിച്ചു. ഇപ്രകാരം റിപ്പോർട്ട് നൽകിയതിൽ എന്നോടും ഒരു വെറുപ്പോ വിദ്വേഷമോ, പകയോ ഒന്നും കാണിച്ചിട്ടില്ല. അതിനപ്പുറം കൂടുതൽ സ്നേഹവും കരുതലും പ്രോത്സാഹനവും ആണ് അഭിവന്ദ്യ തിരുമേനി എനിക്ക് നൽകിയിട്ടുള്ളത്. ശരി എന്ന് തോന്നുന്ന കാര്യത്തിൽ തിരുമേനി എടുക്കുന്ന നിലപാട് വളരെ ശ്രദ്ധേയമാണ്. യാഥാർത്ഥ്യം തിരിച്ചറിയുമ്പോൾ മുൻ തീരുമാനം പുനപരിശോധിക്കുന്നതിൽ മടി കാണിച്ചിട്ടില്ല.

സഭാ ചരിത്രത്തിന്റെ മുദ്രണം ചെയ്യാത്ത ഒരു പുസ്തകമായിരുന്നു അഭി. തിരുമേനി. തിരുമേനി ഒരു കുറിപ്പുമില്ലാതെ തന്റെ സ്വതസിദ്ധമായ ശൈലിയിൽ സഭാചരിത്രത്തെക്കുറിച്ച് തിരുമേനി പ്രസംഗിക്കുന്നത് കൗതുകപൂർവ്വമായിട്ടാണ് എല്ലാവരും ശ്രവിച്ചിട്ടുള്ളത്. ചരിത്രതീയതികളെല്ലാം തന്നെ വളരെ കൃത്യമായി തിരുമേനി പറയുമായിരുന്നു. സഭയുടെ പൈതൃകവും പാരമ്പര്യവും വിശ്വാസവും കാത്ത് സൂക്ഷിക്കുന്ന തിരുമേനിക്ക് നിർബന്ധമുണ്ടായിരുന്നു. ഇതര മതവിശ്വാസങ്ങളോടുള്ള തിരുമേനിയുടെ സമീപനം ശ്രദ്ധേയമാണ്.

ബന്ധങ്ങളിൽ അതിനിപുണവും പ്രതിസന്ധികളിൽ ഊർജ്ജം പകരുകയും ചെയ്ത തിരുമേനി ലളിത ജീവിതത്തിന്റെ ഉടമയായിരുന്നു. തിരുമേനി നമുക്ക് നല്കിയ പ്രകാശം നമ്മുടെ ജീവിതത്തിലൂടെ സമൂഹത്തിന് പകർന്ന് കൊടുക്കുവാൻ ഇടയാകണം. എല്ലാവരാലും ആദരിക്കപ്പെടുന്ന വ്യക്തിത്വവും തികച്ചും മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനുമായ അഭി. തിരുമേനി കാലം ചെയ്തു എങ്കിലും ഇന്നും മനുഷ്യഹൃദയങ്ങളിൽ ജീവിക്കുന്നു. കർമ്മധീരനായ തിരുമേനിയുടെ ധന്യമായ ജീവിതത്തിനു മുമ്പാകെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.





**മോസ്റ്റ് റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# കാലത്തിന്റെ സ്പന്ദനങ്ങളെ തിരിച്ചറിയുന്ന കർമ്മയോഗി



**റവ. കെ.ഇ. ഗീവർഗ്ഗീസ്**
കുറ്റപ്പുഴ ജെരുശലേം എം.റ്റി.സി.

മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്ക് അമരക്കാരനായിരിക്കുവാൻ ദൈവം നല്കിയ വരദാനമാണ് 22-ാം മാർത്തോമ്മാ മെത്രാപ്പോലീത്ത. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ ആശയത്തിലും ആവിഷ്ക്കാരത്തിലും, ദർശനത്തിലും പ്രായോഗികതയിലും വ്യത്യസ്തനായ കർമ്മയോഗി കാലത്തിന്റെ സ്പന്ദനങ്ങളെ സശ്രദ്ധം നിരീക്ഷിച്ച് കാലോചിതമായി സഭയെ നയിക്കുന്ന ദീർഘദർശി സുവിശേഷത്തിന്റെ തീജ്വാല ഒരിക്കലും അണയാതെ കത്തിജ്വലിപ്പിക്കുന്ന മിഷനറി ബിഷപ്പ്. ആലയ്ക്ക് പുറത്തും അതിരുകൾക്കപ്പുറത്തും ആടുകളെത്തേടുന്ന വലിയ ഇടയൻ. പാവപ്പെട്ടവനിലും അശരണരിലും ദൈവമുഖം ദർശിക്കുന്ന മനുഷ്യസ്നേഹി. അതിരുകളിലും മൂലധനമില്ലാത്തവനിലും വികസനത്തിന്റെ സ്വപ്നം വിളയിച്ച വികസന നായകൻ. ദൈവത്തിന് വേണ്ടാത്ത മക്കളില്ലാ എന്ന് പറഞ്ഞ് തള്ളപ്പെട്ടവനെയും ഒറ്റപ്പെട്ടവനെയും നെഞ്ചോട് ചേർത്ത് പിടിച്ച ആദ്രതയുടെ ആൾരൂപം. ഒന്നിനെയും പാഴാക്കരുത് എന്ന് പറഞ്ഞ് വലിച്ചെറിയപ്പെട്ടവയിലും പുത്തൻ സാധ്യത അന്വേഷിക്കുന്ന വിശ്വസ്ത കാര്യവിചാരകൻ. മൂല്യബോധവും സുതാര്യതയും മുഖമുദ്രയാക്കിയ താപസശ്രേഷ്ഠൻ. നാട്യങ്ങളും പ്രകടനപരതയുമില്ലാതെ ബോധ്യങ്ങളിലും നിലപാടുകളിലും ഉറച്ചു നില്ക്കുന്ന പച്ചമനുഷ്യൻ. ഇങ്ങനെയൊക്കെയാണ് പുതിയ മെത്രാപ്പോലീത്തായെ അടയാളപ്പെടുത്താൻ സാധിക്കുന്നത്.

വൈദീകവൃത്തിയെ ദൈവീക നിയോഗമായി കണ്ട് സഭയിലൂടെ ദൈവം കാട്ടിയ അഭിഷിക്ത പടവുകൾ ഒന്നൊന്നായി കയറി ഇപ്പോൾ സഭാനൗകയുടെ അമരക്കാരനായിരിക്കുകയാണ് അഭിവന്ദ്യ തിരുമേനി. സുതാര്യവും സുവ്യക്തവുമായ ജീവിതദർശനവും ശൈലിയും തിരുമേനിക്കുണ്ട്. ചിട്ടയായ പ്രാർത്ഥന തിരുമേനിയുടെ ജീവിത നിഷ്ഠയാണ്. തന്റെ ശുശ്രൂഷയുടെ വിജയം ദൈവമക്കളുടെ പ്രാർത്ഥനയാണെന്ന് തിരുമേനി വിശ്വസിക്കുന്നു. മെത്രാപ്പോലീത്താ സ്ഥാനാരോഹണ ശുശ്രൂഷയുടെ അവസരത്തിൽ നടത്തിയ പ്രസം ഗത്തിലും സഭയുടെ പ്രാർത്ഥനയാണ് പ്രഥമവും പ്രധാനവുമായി ആവശ്യപ്പെട്ടത്. നേട്ടങ്ങളിൽ അമിതാവേശത്തിനോ പരാജയങ്ങളിൽ നിരാശയ്ക്കോ കാരണമില്ലെന്ന് ഈ ഇടയൻ പഠിപ്പിക്കുന്നു. കേരളത്തിൽ സമാനതകളില്ലാത്ത മുന്നേറ്റത്തിന് കാരണമായ ശ്രീനാരായണഗുരുവിന്റെ ദർശനങ്ങളും കാഴ്ചപ്പാടുകളും മെത്രാപ്പോലീത്തായിൽ വലിയ ഒരു സ്വാധീനമായി. മതത്തിനപ്പുറം

മനുഷ്യനെക്കാണാനും സങ്കുചിത വേലിക്കെട്ടുകൾക്കപ്പുറത്തേക്ക് കടന്ന് ചെന്ന് മനുഷ്യാവശ്യങ്ങളോടിടപെടാനും അത് സഹായിച്ചു. സഭയുടെ പ്രവർത്തനങ്ങളിലും മതാതീതമായ മാനവഐക്യം ലക്ഷ്യമിടാൻ പുതിയ മെത്രാപ്പോലീത്താ ആഗ്രഹിക്കുന്നു. പ്രാർത്ഥനയ്ക്കായി ചേർത്ത് പിടിക്കുന്ന ഇരുകരങ്ങളെക്കാൾ പുണ്യം ആവശ്യക്കാരനിലേക്ക് നീട്ടപ്പെടുന്ന കനിവിന്റെ കരങ്ങൾക്കാണെന്ന് ഈ ഇടയൻ വിശ്വസിക്കുന്നു. പതിവുകൾക്കും ഒഴുക്കിനും അനുസരിച്ച് ചലിക്കുകയല്ല സഭയുടെ ദൗത്യം, മറിച്ച് ക്രിസ്തു ദർശനത്തിലടിയുറച്ച് ഒരു മുന്നേറ്റമായി പരിണമിക്കുവാൻ സഭയ്ക്ക് സാധിക്കണമെന്ന് ഈ വലിയ ഇടയൻ പഠിപ്പിക്കുന്നു.

ഭാഷണത്തിലും ഭക്ഷണത്തിലും ഈ ഇടയൻ മിതത്വം പുലർത്തുന്നു. ബന്ധങ്ങളിൽ സമഭാവനയും, പ്രതിസന്ധിക ളിൽ സമചിത്തതയും കൊടുക്കൽ വാങ്ങലിൽ സുതാര്യതയും സൂക്ഷിക്കുന്നു. തികഞ്ഞ അച്ചടക്കബോധം, സാമ്പത്തിക ശിക്ഷണം, വിഭവങ്ങളുടെ കാര്യവിചാരകത്വം എന്നിവ അനുകരണീയമാണ്. ചെറിയ കാര്യങ്ങളോടും, സാധാരണക്കാരായ മനുഷ്യരോടുമുള്ള ആഭിമുഖ്യം, ചെറുകിട സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കൽ എന്നിവ ശുശ്രൂഷ യിലുടനീളമുണ്ട്. ഏതൊരു കാര്യത്തിനും ക്രമീകൃതമായ ഒരുക്കം നിർബ്ബന്ധം. ഏറ്റെടുത്ത കാര്യങ്ങൾ ഭംഗിയായി പൂർത്തീകരിക്കുന്നതിന് ഏതറ്റംവരെ പോകുന്നതിനും, കഠിനമായി അദ്ധ്വാനിക്കുന്നതിനും ഈ ഇടയന് യാതൊരു മടിയുമില്ല. കൂടെ പ്രവർത്തിക്കുന്നവർ ആത്മായരായാലും വൈദീകരായാലും വേലയിൽ തല്പരരും ദൈവത്തോടും മനുഷ്യരോടും വിശ്വസ്തരും ആയിരിക്കണമെന്ന് തിരുമേനി ആഗ്രഹിക്കുന്നു. ആരോടും അമിതമായ സ്നേഹ പ്രകടനമോ, സ്വജനപക്ഷപാതമോയില്ല. ഭയാശങ്കകൂടാതെയും ഇടനിലക്കാരില്ലാതെയും ആർക്കും സമീപിക്കാവുന്ന വ്യക്തിത്വം. ആക്രോശങ്ങളോ, ആരവങ്ങളോ ഇല്ല, എന്നാൽ തനിക്ക് ഇഷ്ടമില്ലാത്ത കാര്യങ്ങൾ ആരോടും തുറന്ന് പറയുന്നതിന് മടിയുമില്ല. പ്രീതിപ്പെടുത്തേണ്ടത് മനുഷ്യരെയല്ല ദൈവത്തെയാണെന്ന് വിശ്വസിക്കുന്നു. സാധ്യമല്ലാത്ത കാര്യങ്ങൾക്ക് പൊള്ളയായ വാഗ്ദാനം നല്കി അണികളെ കൂട്ടാൻ ശ്രമിക്കാറില്ല. ഇപ്പോൾ കയ്പെന്ന് തോന്നിയാലും കാലാന്തരത്തിൽ സത്യം വെളിപ്പെടുമെന്ന ബോധ്യം തിരുമേനിക്കുണ്ട്. ഇത് സഭയുടെ മുന്നോട്ടുള്ള ഗമനത്തിനാകമാനം സുതാര്യതയും കൂടുതൽ ക്രമവും നല്കുമെന്ന് ആശിക്കാം.

എന്നും യുവത്വം മനസ്സിൽ സൂക്ഷിക്കുന്ന വ്യക്തിത്വത്തിന്റെ ഉടമയാണ്. ആഗോളതലത്തിൽ വ്യാപിച്ചു കിടക്കുന്ന മാർത്തോമ്മാ സഭ അതിന്റെ ദർശനത്തിലും ശുശ്രൂഷയിലും കേവലം സങ്കുചിതചിന്തകൾക്കും പ്രാദേശിക അതിർവരമ്പുകൾക്കും അപ്പുറമായി വിശാലതലത്തിൽ വളരണമെന്ന് മാർ തിയഡോഷ്യസ് തിരുമേനി ആഗ്രഹിക്കുന്നു. ഭദ്രാസന അദ്ധ്യക്ഷൻ എന്ന നിലയിൽ അഭിവന്ദ്യ തിരുമേനി നിർവ്വഹിച്ചിട്ടുള്ള ശുശ്രൂഷകൾ ഓരോ ഭദ്രാസനത്തിന്റെയും ആകമാന വളർച്ചയ്ക്കും പുത്തൻ ചുവടു വെയ്പ്പുകൾക്കും കാരണമായി. പാശ്ചാത്യ ദേശത്ത് ചെന്നെത്തിയ കുടിയേറ്റ സമൂഹങ്ങളുടെ പിൻമുറക്കാർ കാലത്തിന്റെ കുത്തൊഴുക്കിൽ കൈവിട്ട് പോകരുതെന്ന നിർബ്ബന്ധം ഈ ഇടയനുണ്ടായിരുന്നു. അതുകൊണ്ട് തന്നെ തന്റെ ഇടപെടലിലും അജപാലന രീതികളിലും ഇളം തലമുറയെ ഉൾക്കൊള്ളുവാൻ മനഃപൂർവ്വമായി മനസ്സ് തുറന്നിട്ടുണ്ട്.

'ന്യൂജെൻ' തലമുറയ്ക്ക് മനസ്സിലാകുന്ന വിധത്തിൽ ആരാധനയും ആചാരാനുഷ്ഠാനങ്ങളും പരിവർത്തിപ്പിക്കണം. നിലവിലുള്ളതിനെ അവർക്ക് കൂടി മനസ്സിലാക്കിക്കുന്നതിനുള്ള പരിശ്രമങ്ങൾ സഭയുടെ ഭാഗത്ത് നിന്നും ഉണ്ടാക ണം. യുവജനങ്ങൾ സ്നേഹപൂർവ്വം ചുരുക്കപ്പേരായി വിളിച്ചിരുന്നത് 'മാർ തിയോ' എന്നായിരുന്നു. പിന്നീട് പൊതുവേദികളിലും എഴുത്തുകളിലും അപ്രകാരം അഭിസംബോധന ചെയ്തിട്ടുമുണ്ട്. യുവജനങ്ങളോട് സംവാദത്തിലേർപ്പെടുകയും അവരുടെ പ്രശ്നങ്ങൾ കേട്ട് മനസ്സിലാക്കുകയും അവർക്ക് വേണ്ടി അവരുടെ ആവശ്യങ്ങളെ സഭാതലത്തിൽ എത്തിക്കുകയും പരിഹാരം കാണുകയും ചെയ്യുന്നതിലദ്ദേഹം ഉത്സുകനായിരുന്നു. ആരാധന സമയദൈർഘ്യം പ്രയാസമായി പറഞ്ഞപ്പോൾ പ്രത്യേക അവസരങ്ങളിലേക്ക് ചെറിയ ആരാധന ക്രമങ്ങൾ തയ്യാറാ ക്കി അവർ ആത്മീയതയിൽ നിന്നും അന്യപ്പെടെരുതെന്ന നിർബ്ബന്ധം പാലിച്ചിട്ടുണ്ട്. ഭാഷ ഏതായാലും ആരാധകന് മനസ്സിലാകുന്ന ഭാഷയിൽ ആരാധന ക്രമീകരിക്കണമെന്ന നിഷ്ക്കർഷ ഉണ്ടായിരുന്നു. വടക്കെ അമേരിക്കയിൽ ഇംഗ്ലീഷ് ക്രമങ്ങൾ കാലോചിതമാക്കുക മാത്രമല്ല, മെക്സിക്കോയിൽ സ്പാനീഷ് ഭാഷയിൽ ആരാധനക്രമങ്ങൾനിലവിൽ വരുത്തുവാനും വളർന്നു വരുന്ന തലമുറയെ ഉൾക്കൊള്ളുവാനും ഇടയാക്കി.

ആഢംബരങ്ങളിൽ ഭ്രമിക്കുകയും ആസക്തികളിൽ മുഴുകുകയും ഹീനമായ പ്രവൃത്തികളിൽ അഭിരമിക്കുകയും ചെയ്യുന്നു എന്ന് പറഞ്ഞ് യുവജനങ്ങളെ അകറ്റി നിർത്താതെ അവരുടെ കൂട്ടായ്മയിൽ പങ്കെടുക്കുന്നതിനായി ബാർ-ബി-ക്യൂ ഫെലോഷിപ്പുകളിൽ സംബന്ധിക്കുകയും അവർക്കായി അത് ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒരു മെത്രാച്ചന്റെ അധികാര അലങ്കാരങ്ങളോ ചിഹ്നങ്ങളോ ഇല്ലാതെ ഇടപെടുന്നതിന് ഇടയായി. തങ്ങളുടെ പ്രശ്നങ്ങളുമായി ഉള്ളുതുറക്കുന്ന ഇളം തലമുറയെ നേരായ പാതയിൽ നയിക്കുന്നതിന് സഹായകരമായ കൗൺസിലിംഗ് നടത്തുകയും തുടർ ഇടപെടലുകൾ ആവശ്യമെങ്കിൽ ക്രമീകരിക്കുകയും ചെയ്തു. ആധുനിക ഇലക്ട്രോണിക്ക് സംവേദന മാധ്യമങ്ങൾ ഉപയോഗിച്ച് ഇളം തലമുറയോട് സംവദിക്കുന്നതിന് ശ്രമിക്കുന്നു. സഭയുടെ തന്നെ ചരിത്രത്തിലാദ്യമായി ഒരു ഇലക്ട്രോണിക്ക് ന്യൂസ് ലെറ്റർ 'ബെസോറ' എന്ന പേരിൽ തുടങ്ങി. എപ്പോഴും പഴിചാരി അകറ്റി നിർത്തേണ്ടവരല്ല യുവജനങ്ങൾ മറിച്ച് യുവലോകത്തെ മാനിക്കുകയും അവർക്കായി സമയം കണ്ടെത്തുകയും ചെയ്യേണ്ടതാണെന്ന് ഉറക്കെപ്പറഞ്ഞിട്ടുണ്ട്. സനാതന മൂല്യങ്ങൾ മുറുകെപ്പിടിച്ചു കൊണ്ട് ഡിജിറ്റൽ ലോകം പരമാവധി പ്രയോജനപ്പെടുത്താൻ യുവാക്കളെ ആഹ്വാനം ചെയ്തു. തീരുമാന സഭകളിൽ യുവജന നേതൃത്വം ഉണ്ടാകേണ്ട ആവശ്യകത ഉറക്കെപ്പറയുകയും അവരെ അതിനായി പ്രോത്സാഹിപ്പിച്ച് അയക്കുകയും ചെയ്യുന്നു. ഐ.റ്റി. മേഖലയിൽ പ്രവർത്തിക്കുന്നവരുടെ കൂട്ടായ്മക്കും സാങ്കേതിക വിദ്യയുടെ മികവ് സഭാ സംരംഭങ്ങളിൽ ഉപയുക്തമാക്കു ന്നതിനുമായി ഐ.റ്റി. ഫെലോഷിപ്പ് ആരംഭിച്ചു. യുവജനങ്ങൾക്ക് മാത്രമായി ഒരു കോൺഗ്രിഗേഷൻ ഡാലസിൽ ആരംഭിക്കുകയും മറ്റ് ഇടങ്ങളിൽ ഇംഗ്ലീഷ് ആരാധനകളുടെ എണ്ണം വർദ്ധിപ്പിക്കകയും ചെയ്തുകൊണ്ട് യുവജനപങ്കാളിത്തം ഉയർത്തി.

വിശുദ്ധ പൗലോസിനെപ്പോലെ സുവിശേഷത്തിന് വേണ്ടി കത്തിജ്വലിക്കുന്ന ഒരു മേല്പട്ടക്കാരനാണ് തിയഡോഷ്യസ് മെത്രാപ്പോലീത്താ. താൻ പ്രവർത്തിച്ച എല്ലാ ഭദ്രാസനങ്ങളിലും മിഷൻ പ്രവർത്തനങ്ങൾക്ക് മതിയായ പ്രാധാന്യം നല്കി. പുത്തൻ വേലസ്ഥലങ്ങൾ ആരംഭിക്കുന്നതിനും, പ്രവർത്തകരെ പരിശീലിപ്പിച്ചയക്കുന്നതിനും, നേരിട്ട് ഫീൽഡുകൾ സന്ദർശിക്കുന്നതിനും ശ്രദ്ധിച്ചുവരുന്നു. ഗ്രാമവികസനം, സാമൂഹ്യവികസനം എന്നിവ ലക്ഷ്യ മാക്കി സമഗ്ര പദ്ധതികൾ ഒരുക്കുന്നതിനും അതിനാവിശ്യമായ വിഭവങ്ങൾ സമാഹരിക്കുന്നതിനും ശ്രദ്ധിച്ചിട്ടുണ്ട്. തദ്ദേശീയരായ സുവിശേഷകരെ പരിശീലിപ്പിച്ച് വേലസ്ഥലങ്ങളിൽ നിയമിക്കുന്നു. അവരെ സഭയുടെ പൂർണ്ണസമയ വേലയ്ക്കായും പട്ടത്വ ശുശ്രൂഷയ്ക്കായും തിരുമേനി പ്രോത്സാഹിപ്പിക്കാറുണ്ട്. മഹാരാഷ്ട്രയിലെ അമരാവതി ജില്ലയിലെ ബോപാപൂർ വില്ലേജിൽ നിന്നും സഭാ ശുശ്രൂഷയിലേക്ക് പ്രവേശിക്കുന്ന ശ്രീ. കിഷോർ ജഗത്ത്റാവു വാങ്കടെ മറാഠിലെ ആദ്യഫലമാണ് മെത്രോപ്പോലീത്തായുടെ സ്ഥാനാരോഹണ ശുശ്രൂഷയിൽ ആശംസകൾ അർപ്പിച്ച് സംസാരിച്ച ശ്രീ. കിഷോറിന്റെ സാന്നിദ്ധ്യവും അദ്ദേഹം പങ്കിട്ട വാക്കുകളും വേറിട്ട അനുഭവമായിരുന്നു. ഇത് സഭയുടെ മിഷൻപ്രവർത്തനങ്ങളിൽ പുത്തൻ ദിശാബോധ ത്തിന്റെയും ദൗത്യ ചലനത്തിന്റെയും സൂചന കളാണ്. ശ്രീ. കിഷോറിനെ സഭയുടെ ദൗത്യപാതയിലേക്കാനയിക്കു ന്നതിൽ അഭിനവ മെത്രാപ്പോലീത്തായുടെ പങ്ക് വളരെ വലുതാണ്. സഭയുടെ പുതിയ നേതൃത്വം പ്രേക്ഷിത പ്രവർത്തനങ്ങളിൽ നവവ്യാഖ്യാനങ്ങളും ചരിത്ര ധാരകളും തുറക്കുമെന്നാശിക്കാം.

സമൂഹത്തിൽ തള്ളപ്പെട്ടവരേയും ഒറ്റപ്പെട്ടവരേയും ചേർത്തണയ്ക്കുന്ന നല്ലിടയനാണ് തിയഡോഷ്യസ് മെത്രാ പ്പോലീത്താ. ലോകം ഒരു വലിയ സ്നേഹ പ്രപഞ്ചമാണെന്നും അതിൽ നാനാ ജാതി മതസ്ഥരേയും ആശ്ലേഷിക്കണമെന്നും തന്റെ പ്രവർത്തിയിലൂടെ തെളിയിച്ചു. അനുദിന ജീവിതത്തിൽ തന്റെ ശ്രദ്ധയിൽപെടുന്ന ജീവൽ പ്രശ്നങ്ങളോടുള്ള പ്രതികരണമാണ് ഓരോ പദ്ധതികളുടെയും തുടക്കത്തിന് കാരണമായത്. കിളിമാനൂരിനടുത്തുള്ള ഒരു കുടുംബത്തിലെ മാനസിക രോഗികളായ മക്കൾ അമ്മയുടെ മരണം പോലും തിരിച്ചറിയാതെ മൃതശരീരം ഉറുമ്പരിക്കുവാൻ ഇടയായ പത്രവാർത്തയാണ് അന്ന് തിരുവനന്തപുരം - കൊല്ലം ഭദ്രാസന അദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ മെത്രാപ്പോലീത്തായെ മാനസികരോഗികളുടെ പുനരധിവാസപദ്ധതിക്ക് പ്രേരിപ്പിച്ചത്. കുട്ടമല- മേല്പാല മേഖലകളിലെ എപ്പിസ്ക്കോപ്പൽ സന്ദർശന അവസരത്തിൽ കയറിക്കിടക്കാൻ ഇടമില്ലാഞ്ഞവരുടെ രോദനമാണ് ആണ്ടുകോട്ടും കുട്ടമലയിലും 'ലാന്റ് ആന്റ് ഹോം ഫോർ ദി ലാന്റ് ലസ്സ്' പദ്ധതിക്ക് തുടക്കമിട്ടത്. HIV-AIDS രോഗികളോട് സമൂഹം കാട്ടിയ വിവേചനത്തിൽ കൈതക്കുഴിയിലുള്ള രണ്ട് കുരുന്നുകൾ അനുഭവിച്ച യാതനകളുടെ നൊമ്പരപ്പെടുത്തുന്ന വാർത്തകളാണ് പുനരധിവാസ പദ്ധതികൾക്ക് തുടക്കമിട്ടത്. തപിതമനസ്സുകളെ സാന്ത്വനിപ്പിക്കുന്ന ആർദ്രതയുള്ള മനസ്സാണ് ഈ പദ്ധതികൾക്കെല്ലാം പിന്നിലെ പ്രേരകശക്തി. വിശ്വാസത്തിന്റെ വേർതിരുവുകളെക്കാൾ മനുഷ്യന്റെ ജീവൽപ്രശ്നങ്ങൾക്കാണ് പ്രാധാന്യമെന്ന് ഈ വലിയഇടയൻ സ്വജീവിതാനു ഭവത്തിലൂടെ കാട്ടിത്തരുന്നു. സഭയുടെ ആകമാനതലത്തിൽ

ഇത്തരത്തിലുള്ള ഇടപെടലുകൾ തുടരുകതന്നെ ചെയ്യുമെന്ന് പ്രതീക്ഷിക്കാം.

ഊഷരഭൂമിയെ ഉദ്യാനമാക്കുന്ന ഉദ്യാനപാലകനും ഭൂമിക്കൊരു പച്ചക്കുട പിടിക്കുന്ന പ്രകൃതി സ്നേഹിയുമാണ് അഭിനവ മെത്രാപ്പോലീത്താ. ഒരു ഹരിത ആത്മീകതയാണ് ഇന്നിന്റെ ആവശ്യം എന്ന് പഠിപ്പിക്കുന്നു. ഭദ്രാസന കേന്ദ്രങ്ങളിൽ സ്വന്തമായി ഭൂമിയിൽ അദ്ധ്വാനിക്കുന്ന ഒരു കർഷകനാണ് തിരുമേനി. വളർത്തു മൃഗങ്ങൾക്കും പറവകൾക്കും തീറ്റയും വെള്ളവും കുറയുമ്പോൾ അതിന് വിശക്കുന്നു എന്ന് തിരിച്ചറിഞ്ഞ് അതിനെ പോഷിപ്പിക്കുന്ന മനസ്സാണ് തിരുമേനിക്കുള്ളത്. ചെറിയ ഒരു പറവയുടെ പോലും വിശപ്പിനെ ഗൗരവമായെടുക്കുന്ന സമീപനം ജീവന്റെ തുടിപ്പിനോടുള്ള ആദരവാണ് വെളിവാക്കുന്നത്. ഫലം കുറഞ്ഞപ്പോൾ ചെടി പിഴുതുകളയാൻ ശ്രമിച്ച അരമന ജീവനക്കാരനെ വിലക്കിക്കൊണ്ടിപ്രകാരം പറഞ്ഞു, 'കായ് ഫലം നല്കുന്നതിന്റെ അളവല്ല ചെടിക്ക് വളരാനുള്ള അവകാശം. ഫലം കുറഞ്ഞതും വളർന്നോട്ടെ'. ലാഭമുള്ളതിനെ മാത്രം പരിപാലിക്കുന്ന, ലാഭം കൊയ്യാനായി ഭൂമിയേയും വിളകളെയും ചൂഷണം ചെയ്യുന്ന ഇന്നിന്റെ കാർഷിക സംസ്ക്കാരത്തിൽ വലിയ പാഠമാണ് തിരുമേനിയുടെ വാക്കുകളിൽ അടങ്ങിയിരിക്കുന്നത്. സഭാമക്കളിൽ ഹരിത ശീലങ്ങളും സംസ്ക്കാരങ്ങളും വളർത്തിയെടുക്കുവാൻ യത്നിച്ചു. ഭദ്രാസനതലങ്ങളിൽ നടപ്പിലാക്കിയ 'ഗോയിംഗ് ഗ്രീൻ', 'സ്ട്രീംസ് ഓഫ് വാട്ടർ' കുടിവെള്ള പദ്ധതി എന്നിവ ശ്രദ്ധേയങ്ങളാണ്. അധിവസിക്കുന്ന പരിസരത്തോട് ക്രീയാത്മകമായി ഇടപെടുന്നതിനും, സൃഷ്ടി യോടും പ്രപഞ്ചത്തോടും ഇടപെട്ട് ജീവിക്കുന്നതിനും മാറ്റങ്ങൾക്ക് വഴിയൊരുക്കുന്നതിനും ബദലുകൾ സൃഷ്ടിക്കുന്നതിനും ഈ ഇടയൻ നമ്മെ നിരന്തരം പ്രോത്സാഹിപ്പിക്കുന്നു.

മോശയ്ക്ക് ശേഷം യോശുവായെ നല്കി യിസ്രായേൽ ജനതയെ വഴിനടത്തിയ ദൈവം, മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്ക് ഡോ. തിയഡോഷ്യസ് മാർത്തോമ്മായെ നല്കി. പേര് അന്വർത്ഥമാക്കുന്നതു പോലെ തികച്ചും ദൈവത്തിന്റെ ദാനം. വ്യക്തമായ ദൈവവിളികൊണ്ടും വ്യത്യസ്ഥമായ ശൈലി കൊണ്ടും ഉന്നം പിഴയ്ക്കാത്ത ലക്ഷ്യബോധം കൊണ്ടും കർമ്മധീരനായ സാരഥി. പൊതു സമൂഹവും സഭയും വളരെ പ്രതീക്ഷയോടെ ഈ വലിയ ഇടയനെ ഉറ്റു നോക്കുന്നു. സഭയുടെ നയങ്ങളും നിലപാടുകളും നേതൃത്വവും ഏറെ വിമർശന വിധേയമാകുന്ന കാലം കൂടിയാണിത്. സൂക്ഷ്മാണുവിന്റെ വ്യാപനത്തിനുമുന്നിൽ മനസ്സും മെയ്യും തളർന്നു പോയൊരു കാലത്താണ് അജപാലനത്തിന്റ അമരക്കാരനായി നിയോഗിതനാകുന്നത്. കരുതലും കാവലും കരുണയുമുള്ള ഇടയനായിരിക്കുക. വെല്ലുവിളികൾ അസംഖ്യം, എന്നാൽ മുന്നിൽ അനന്ത സാധ്യതകളും. സംഘർഷഭരിതമായ സമകാലിക സാഹചര്യങ്ങളിൽ സഭാ നൗകയെ ലക്ഷ്യം തെറ്റാതെ പുതുയുഗത്തിലേക്ക് നയിപ്പാൻ അഭിനവ മെത്രാപ്പോലീത്താ തിരുമേനിക്ക് സർവ്വേശ്വരൻ കൃപയേകട്ടെയെന്ന് ആശംസിക്കുന്നു പ്രാർത്ഥിക്കുന്നു.

## വസ്തു വില്പനക്ക്: ക്വട്ടേഷൻ ക്ഷണിക്കുന്നു

അടൂർ പറന്തൽ ഓർത്തഡോക്സ് പള്ളിയുടെ എതിർവശത്തിലുള്ള റോഡിലൂടെ 750 മീറ്റർ (3/4 കിലോമീറ്റർ ദൂരത്തായി മാർത്തോമ്മാ സഭയുടെ ആടൂർ ഭദ്രാസനത്തിന്റെ പേരിലുള്ള പറന്തൽ ഇമ്മാനുവേൽ ചാപ്പലിന്റെ 16 സെന്റ് സ്ഥലം (വീടു വെയ്ക്കാൻ അനുയോജ്യമായ സ്ക്വയർ പ്ലോട്ട്) വില്പനയ്ക്കായി ക്വട്ടേഷൻ ക്ഷണിക്കുന്നു. കൺസീൽഡ് ക്വട്ടേഷൻ, മാർത്തോമ്മാ സഭയുടെ അടൂർ ഭദ്രാസന ഓഫീസിൽ **2021 ജനുവരി 31–ാം തീയതി 5 മണിക്ക്** മുമ്പായി ലഭിച്ചിരിക്കേണ്ടതാണ്.

**Rev. Kunju Kohsy - 8547952900 (Dio- Secretary)**

**Rev. Baby John - 9446112515**

**Diocesan Office, Hermon Aramana, Adoor-691523**





# കുഞ്ഞുങ്ങളുടെ മനസ്സറിയുന്ന കാവൽക്കാർ

**അനിത മാത്യു**
കൊല്ലക സെന്റ് തോമസ്

*"ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അത് വിട്ടുമാറുകയില്ല" (സദൃ. 22:6)*

സംഘർഷഭരിതമായ ഒരു കാലഘട്ടത്തിൽ നാം ജീവിക്കുന്നത്. കോവിഡ് 19 എന്ന മഹാമാരി ലോകം ഒന്നാകെ ഭീതിയുടെയും നിരാശയുടെയും കയത്തിലേക്ക് നയിച്ചു. ആ ഭീഷണി ഇപ്പോഴും വിട്ടുമാറിയിട്ടില്ല. അതിജീവനത്തിന്റെ പുത്തൻ സാദ്ധ്യതകൾ നമുക്ക് പ്രതീക്ഷ നൽകുന്നതാണ്. കോവിഡ് കാലം ഏറ്റവുമധികം പ്രയാസം നേരിട്ട ഒരു സമൂഹമാണ് കുഞ്ഞുങ്ങൾ. ക്ലാസ്സ് മുറികളിലും വിദ്യാലയ അങ്കണങ്ങളിലും ചിത്രശലഭങ്ങളെ പോലെ പാറിപ്പറന്നു നടന്നിരുന്ന കുട്ടികൾ എത്രയോ നാളുകളായി വീട്ടിലെ നാലു ചുവരുകൾക്കുള്ളിൽ തളച്ചിടപ്പെടുവാൻ നിർബന്ധിതരായിരിക്കുന്നു. അദ്ധ്യാപകരും കുഞ്ഞുങ്ങളും തമ്മിലുള്ള കൂടിക്കാഴ്ചകൾ ഇന്ന് ഓൺലൈൻ ക്ലാസ്സുകളിൽ സൂം മീറ്റിംഗുകളിലും ഒതുങ്ങുന്ന കാഴ്ച. കുഞ്ഞുങ്ങളുടെ മാനസിക വളർച്ചയ്ക്കും പരിപോഷണത്തിനും അദ്ധ്യാപകരുടെ സാന്നിദ്ധ്യം ഏറെ സഹായകരമാണ്. വിഷ്വൽ മീഡിയയിലൂടെ കുഞ്ഞുങ്ങളെ ഏതളവു വരെ സ്വാധീനിക്കുവാൻ അദ്ധ്യാപകർക്ക് സാധിക്കും എന്നത് ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു.

മാതാപിതാക്കളെ പോലെ തന്നെ ഒരു കുഞ്ഞിന്റെ വ്യക്തി ജീവിതത്തിൽ അദ്ധ്യാപകർക്കും സുപ്രധാനമായ സ്ഥാനമുണ്ട്. നന്മയിലേക്ക് നയിക്കാനും ശാസിക്കാനും ശിക്ഷിക്കാനുമൊക്കെയുള്ള അവകാശം അദ്ധ്യാപകർക്കുണ്ട്. ഏതൊരു മഹത് വ്യക്തിയുടെ ജീവിതം പരിശോധിച്ചാലും അദ്ധ്യാപകർ അവരുടെ ജീവിതത്തിൽ ചെലുത്തിയ സ്വാധീനം പരാമർശിക്കാറുണ്ട്. കാലഘട്ടത്തിന്റെ മാറ്റങ്ങളും ചിന്താരീതിയിലുള്ള വ്യത്യാസങ്ങളും സംഭവിച്ചിട്ടുണ്ടെങ്കിലും അദ്ധ്യാപക - വിദ്യാർത്ഥി ബന്ധങ്ങൾക്ക് ഇപ്പോഴും സ്നേഹത്തിന്റെ സൗരഭ്യമുണ്ട്.

### സഹയാത്രികർ (Co-Travelers)

ഒരു കുഞ്ഞിനെ സംബന്ധിച്ചിടത്തോളം ഭവനത്തിൽ നിന്ന് ലഭിക്കുന്ന ശ്രദ്ധ പോലെ തന്നെ പ്രാധാന്യമുള്ളതാണ് വിദ്യാലയങ്ങളിൽ നിന്നും ലഭിക്കുന്ന പരിഗണന. ഒരു ദിവസത്തിന്റെ ഏറിയ പങ്കും കുട്ടികൾ ചെലവഴിക്കുന്നത് വിദ്യാലയങ്ങളിലാണ്. കൂട്ടുകാരിൽനിന്നും അധ്യാപകരിൽനിന്നും ലഭിക്കുന്ന മൂല്യങ്ങൾ അവരെ നന്മയിലേക്ക് നയിക്കുന്നു. ഒരു നല്ല അദ്ധ്യാപകർ ഒരു നല്ല സഹയാത്രികനായിരിക്കണം. കുഞ്ഞുങ്ങളോടൊപ്പം സഞ്ചരിച്ച് അവരുടെ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയണം. പാഠപുസ്തകത്തിന്റെ കണ്ണാടിക്കാഴ്ചകൾ മാത്രമല്ല അതിനപ്പുറമുള്ള ലോകം കുഞ്ഞുങ്ങളെ പരിചയപ്പെടുത്തുവാനും അദ്ധ്യാപകർക്ക് സാധിക്കണം.

മേൽക്കോയ്മ മനോഭാവം (Dominating Nature) വെച്ചു പുലർത്താനല്ല സഹവർത്തിത്വത്തിന്റെ മനോഭാവം (Co-Operating Nature) കാണിച്ചു കൊടുക്കുവാൻ അദ്ധ്യാപകർക്ക് കഴിയണം. വേദനയുടെയും പ്രയാസത്തിന്റെയും അനുഭവങ്ങളിലൂടെ സഞ്ചരിക്കുന്ന കുഞ്ഞുങ്ങളുണ്ടെങ്കിൽ അവരെ തിരിച്ചറിയാൻ അദ്ധ്യാപകർക്ക് സാധിക്കണം. ഇടയൻ അടുക്കള പേര് ചൊല്ലി വിളിക്കുന്നതുപോലെ അവരുടെ ജീവിത സാഹചര്യങ്ങളെയും മനസ്സിലാക്കുന്നവരാകണം യഥാർത്ഥ ഗുരുക്കന്മാർ. മാതാപിതാക്കളോട് പോലും പങ്കുവെയ്ക്കുവാൻ മടിക്കുന്ന കാര്യങ്ങൾ ചില കുട്ടികൾ അദ്ധ്യാപകരോട് പറയാറുണ്ട്. “ഞങ്ങൾ നിന്റെ കൂടെയുണ്ട്”. എന്ന വിശ്വാസം കുഞ്ഞുങ്ങളിൽ വളർത്തിയെടുക്കാൻ കഴിയുമ്പോഴാണ് ഇത് സാധിക്കുന്നത്.

“ഒരു നല്ല അദ്ധ്യാപകർ ഒരു നല്ല സുഹൃത്താകണം.” ഇന്ന് സൗഹൃദങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ്. നേരിൽ കാണാൻ കഴിയുന്നില്ലെങ്കിലും ഫോണിലൂടെയും മറ്റും നിരന്തരം കുഞ്ഞുങ്ങളെ ബന്ധപ്പെടുവാൻ കഴിയണം. വെല്ലുവിളികൾ നിറഞ്ഞ ഈ സാഹചര്യത്തിൽ കുഞ്ഞുങ്ങളുടെ പരിപോഷണത്തിൽ അദ്ധ്യാപകരായ നാം കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടതുണ്ട്. നമ്മുടെ വാക്കുകൾ അവർക്ക് സന്തോഷം നൽകുവാൻ ഇടയാകണം. ക്രിസ്തു എങ്ങനെയാണോ നമ്മുടെ ജീവിതത്തിൽ ഒരു സഹയാത്രികനായി മാറിയത് അപ്രകാരം കുഞ്ഞുങ്ങളുടെ നല്ല സുഹൃത്തുക്കളായി മാറാൻ നമുക്കും സാധിക്കണം.

### പ്രോത്സാഹിപ്പിക്കുന്നവർ (Encouraging Persons)

കുട്ടികൾക്ക് മുന്നോട്ട് പോകുവാനുള്ള ഊർജ്ജ സ്രോതസ്സാണ് പ്രോത്സാഹനം. അദ്ധ്യാപകരിൽ നിന്ന് ലഭിക്കുന്ന അഭിനന്ദനവും നല്ല വാക്കുകളും വളരെ വലിയ സ്വാധീനം കുഞ്ഞുങ്ങളിൽ ചെലുത്തും. അവരുടെ കഴിവുകളെ അംഗീകരിക്കാൻ നാം തയ്യാറാകണം. എല്ലാ കുഞ്ഞുങ്ങളും എല്ലാ വിഷയങ്ങളിലും മിടുക്കരാകണം. എന്നില്ല. ചിലർക്ക് സാഹിത്യമായിരിക്കാം. ചിലർക്ക് ശാസ്ത്രമായിരിക്കാം. ചിലർക്ക് കണക്കായിരിക്കാം, ചിലർക്ക് സാമൂഹിക ശാസ്ത്രമായിരിക്കാം. ചിലർ കലാ-കായിക രംഗങ്ങളിൽ മിടുക്കരായിരിക്കാം. മാതാപിതാക്കളെക്കാൾ കുട്ടികളുടെ അഭിരുചികൾ മനസ്സിലാക്കുവാൻ അദ്ധ്യാപകർക്ക് സാധിക്കും. കുത്തുവാക്കുകൾ പറഞ്ഞ് അവരെ തളർത്താതെ അവരുടെ അഭിരുചികൾക്കനുസരിച്ച് വളരുവാനുള്ള സാഹചര്യം നാം ഉണ്ടാക്കി കൊടുക്കണം.

ചില കുട്ടികൾ അവരുടെ ജീവിത സാഹചര്യങ്ങൾ മൂലം ദുരിതം അനുഭവിക്കാറുണ്ട്. അങ്ങനെയുള്ളവരെ തിരിച്ചറിയുന്നതും അദ്ധ്യാപകരുടെ കടമയാണ്. അദ്ധ്യാപനം ധനസമ്പാദനത്തിനുള്ള ഒരുപാധി മാത്രമായി കണക്കാക്കാതെ സേവനത്തിനുള്ള ഒരവസരമാണ് എന്നുകൂടി നാം മനസ്സിലാക്കണം. "you are good" നന്നായി ചെയ്തു. തുടങ്ങിയ അഭിനന്ദന വാക്കുകൾ കുട്ടികളെ പുത്തൻ സാദ്ധ്യതകളുടെ പടവുകള ചവിട്ടിക്കയറുവാൻ പ്രാപ്തിയുള്ളവരാക്കും. നന്നായി പഠിക്കുന്ന കുഞ്ഞുങ്ങൾക്ക് ചെറിയ പാരിതോഷികങ്ങൾ നൽകുന്നത് നല്ലതാണ്. എന്നെ പ്രോത്സാഹിപ്പിക്കാൻ എന്റെ അദ്ധ്യാപകർ/അദ്ധ്യാപിക ഉണ്ട് എന്ന തോന്നൽ കുട്ടികൾക്ക് പ്രചോദനമേകും.

### സ്വഭാവരൂപീകരണ പ്രതിനിധികൾ

ഏതൊരു വ്യക്തിയുടെയും സ്വഭാവം അവനുൾപ്പെട്ടു നിൽക്കുന്ന സമൂഹത്തിന്റെ ഒരു പ്രതിഫലനമായിരിക്കും. അവന്റെ ഭവനം, വിദ്യാലയം, അദ്ധ്യാപകർ, കൂട്ടുകാർ തുടങ്ങിയവർക്കെല്ലാം ഇതിൽ പങ്കുണ്ട്. അദ്ധ്യാപകർ വിദ്യാർത്ഥികൾക്കുള്ള സ്വഭാവരൂപീകരണ ചാലകങ്ങളാണ്. ഒരദ്ധ്യാപകൻ/അദ്ധ്യാപിക പറയുന്ന അല്ലെങ്കിൽ ചെയ്യുന്ന വാക്കുകളും പ്രവർത്തികളും കുഞ്ഞുങ്ങളെ സ്വാധീനിക്കാം. ക്ലാസ്സ് മുറിയിൽ മാത്രമല്ല പുറത്തും മാതൃകാപരമായി ജീവിച്ച് കാണിക്കാൻ അദ്ധ്യാപകർ ബാധ്യസ്തരാണ്. ലഹരി ഉപയോഗിക്കുന്ന അദ്ധ്യാപകന് എങ്ങനെ തന്റെ വിദ്യാർത്ഥികളെ നന്മയിലേക്ക് നയിക്കാനാകും. “എന്റെ ജീവിതമാണ് എന്റെ സന്ദേശം” എന്ന മഹാത്മാ ഗാന്ധിയുടെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. എന്റെ ജീവിതത്തിന്റെ നന്മകൾ കണ്ട് എന്റെ കുഞ്ഞുങ്ങളും നേർവഴിയിൽ നടക്കണം. ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു എന്ന് അരുളി ചെയ്ത യേശു കർത്താവിന്റെ മാതൃക നാം പിൻപറ്റണം.

മഹാകവി ഉള്ളൂർ എഴുതിയതിങ്ങനെ “വിളക്ക് കൈവശമുള്ളവനെങ്ങും വിശ്വം ദീപമയം” അറിവാകുന്ന വിളക്ക് കൈവശമുള്ളവരാണ് അദ്ധ്യാപകർ. അത് വെളിച്ചമായി കുഞ്ഞുങ്ങളിലേക്ക് പകരപ്പെടുമ്പോഴാണ് ലോകം പ്രകാശിതമാകുന്നത്. നന്മയുള്ള ഒരു തലമുറയെ വാർത്തെടുക്കുവാൻ നാം തയ്യാറാകണം. ഈ പ്രതിസന്ധിയുടെ കൊറോണക്കാലം മാറി പ്രതീക്ഷയുടെ പുത്തൻ ദിനങ്ങൾ ആഗതമാകട്ടെ. കൈവിട്ടു പോയ ആ പഴയ നാളുകൾ വീണ്ടും ഉണ്ടാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.



# പ്രതീക്ഷയുടെ പ്രകാശമാകാം പ്രതിസന്ധിയിലും





**റവ. വിപിൻ സാം തോമസ്**
ഐരാണിക്കുടി എം.റ്റി.സി

ശരീരവും മനസ്സും ഏറ്റവും സജീവമായി പ്രവർത്തിക്കാനുള്ള സാധ്യതകൾ നിറഞ്ഞ യൗവ്വന കാലം മനുഷ്യായുസ്സിന്റെ പ്രിയപ്പെട്ട നാളുകളാണ്. അതിരുകൾക്കപ്പുറത്തേക്ക് പറക്കുന്ന മനസ്സും അതിനൊപ്പമെത്താൻ വെമ്പൽകൊള്ളുന്ന ശരീരവും ഏറ്റവുമധികം കാണപ്പെടുന്ന കാലഘട്ടംകൂടിയാണല്ലോ യൗവ്വനം. അനുഭവിച്ചിട്ടില്ലാത്തവർക്ക് അജ്ഞതവും കടന്നുപോയവർക്ക് തിരികെക്കിട്ടാൻ കൊതിക്കുന്ന ഓർമ്മക്കൂട്ടവുമായി നിലകൊള്ളുന്ന ഈ നിമിഷങ്ങൾ അതിഥികളായി എത്തുന്നതിനാൽ യൗവ്വനം അതീവ ശ്രദ്ധയോടെ പരിപാലിക്കപ്പെടേണ്ട കാലഘട്ടംകൂടിയാണ്. യൗവ്വനകാലത്തിൽ 2020 എന്ന വർഷം ഉൾപ്പെട്ടവർക്ക് നമ്മൾ കടന്നുപോയ ഈ കാലം ആഴമേറിയ പാഠപുസ്തകമാണ്. തീയിൽ ചവിട്ടിനടന്ന ഈ കാലങ്ങൾ നമുക്ക് കരുത്തേകിയാൽ ഇനി വരുന്ന വെയിൽകാലങ്ങളിൽ വാടിപ്പോകാതെ ശോഭിക്കാൻ നമ്മൾ പ്രാപ്തരാകും. ലോകം മുഴുവൻ വലിയ ഒരു പ്രതിസന്ധിയെ അഭിമുഖീകരിച്ച ഈ നാളുകളിൽ എങ്ങനെ പ്രതീക്ഷയുടെ പ്രകാശമാകാൻ കഴിയും എന്ന ചോദ്യമുയരുന്നത് അതിജീവനത്തിന്റെ ഉത്തരങ്ങൾ തേടുന്ന യാത്രയ്ക്ക് മുതൽക്കൂട്ടാണ്.

കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പോകാനുള്ള നിർദ്ദേശം ഏറ്റുവാങ്ങിയവന് ലഭിച്ചത് വിശ്വാസികളുടെ പിതാവ് എന്ന ശ്രേഷ്ഠമായ മേൽവിലാസമാണ്. ആ ധന്യജീവിതം അനേകരുടെ വിശ്വാസപാതക്ക് പ്രകാശമായി ജ്വലിച്ചിട്ടുണ്ട് എന്ന യാഥാർത്ഥ്യം തിരിച്ചറിയുമ്പോൾതന്നെ, അപരിചിത ദേശം ലക്ഷ്യമാക്കിയുള്ള ആ യാത്രയുടെ വെല്ലുവിളികൾ എത്ര ഭയങ്കരമായിരുന്നു എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. കണക്കുകൂട്ടലുകളുടേയും പദ്ധതികളുടേയും സുരക്ഷിത അതിരുകളിൽനിന്ന് അനിശ്ചിതത്വത്തിലേക്ക് വലിച്ചെറിയപ്പെട്ട നമുക്കുനേരെ പിതൃഭവനത്തിന്റെയും ചാർച്ചക്കാരുടെയും സംരക്ഷണവലയത്തിനപ്പുറത്തേക്ക് പോകേണ്ടിവന്നവന്റെ കൈകൾ നീട്ടപ്പെടുന്നു. യാത്രയുടെയും യാത്രികരുടേയും ഉടയവനാൽ നിശ്ചയിക്കപ്പെട്ടതിനാൽ ഈ യാത്രയും ഒരു യാഥാർത്ഥ്യമാണ്; നിരാശകൾക്ക് ഇടം നൽകാതെ ഇത് സ്വീകരിക്കേണ്ടത് യാത്രികരായ നാമോരോരുത്തരുടേയും ഉത്തരവാദിത്തമാണ്. ഏറ്റവും പ്രിയപ്പെട്ടതെന്തിനേയോ ബലികൊടുക്കാനുള്ള മോറിയാ അനുഭവങ്ങളിലേക്ക് നാളെയുടെ യാഥാർത്ഥ്യങ്ങൾ നമ്മെ കൊണ്ടെത്തിച്ചാലും കുന്നിന്റെ ഈ കഠിനയാത്രയ്ക്ക് വിളിച്ചിറക്കിയവനിലുള്ള വിശ്വാസസ്ഥിരത നാളെയെയും അതിശയീകരമായി അതിജീവിക്കാൻ നമ്മെ ശക്തിപ്പെടുത്തുന്നു.

കൃഷിസ്ഥലവും കവലയിലെ ചെറുകച്ചവടസ്ഥലങ്ങളും അതിലുപരി ഗ്രാമത്തിലെ ദൈവാലയവും മാത്രം ലോകമായിരുന്ന അനേകം തലമുറകൾക്ക് ശേഷമാണ് നമ്മുടെ പൂർവ്വികർ കടൽ കടന്നുതുടങ്ങിയത്. ലോകമെമ്പാടും ചേക്കേറി ഈ നാടിനെ സമ്പന്നമാക്കിയവർ വരും തലമുറകൾക്കുവേണ്ടി അനേകം കരുതിവച്ചു. ഇന്ന് യൗവ്വനത്തിലൂടെ കടന്നുപോകുന്ന തലമുറയായ നമ്മൾ അനുഭവിക്കുന്നത് ഈ സ്വരുക്കൂട്ടലിന്റെ ബാക്കിപത്രമാണ്. നാം അദ്ധ്വാനിക്കാത്ത സമൃദ്ധിയിൽ വളരാൻ ഇടയായി എന്നതു മാത്രമല്ല, ചോദിക്കുന്നതെന്തും തരുന്ന മാതാപിതാക്കളും എല്ലാമെല്ലാം വേഗത്തിലാക്കിയ സാങ്കേതികവിദ്യകളും സകലവും കൈക്കുമ്പിളിൽ കൊണ്ടുത്തരുന്ന ഉപകരണങ്ങളും നമ്മുടെ വളർച്ചയ്ക്ക് കൂട്ടായിനിന്നു. കാര്യമായി പരിശ്രമിക്കാതെ തന്നെ ഇതെല്ലാം കിട്ടിയതുകൊണ്ട് നാമറിയാതെ നമ്മിൽനിന്നകന്നത് യൗവ്വനത്തിന്റെ പോരാട്ടവീര്യമാണ്. ചിന്തകൾക്ക് തീപിടിച്ച് അവ മൂർച്ചയേറിയ ദർശനങ്ങളായി ഈ സമൂഹത്തെതന്നെ മാറ്റിമറിക്കാൻ ഏറ്റവും അനുയോജ്യമായ യൗവ്വനകാലം നമ്മെ ചിന്തിക്കരുത്, പ്രതീക്ഷിക്കരുത്, പ്രതിഷേധിക്കരുത്" എന്ന നവ ആഗോളസംസ്കാരത്തിന്റെ സ്വർണ്ണക്കൂട്ടിലടച്ചില്ലേ? ഈ മോഹവലയത്തിൽ നിന്ന് പകർച്ചവ്യാധി പരത്തിയ ഇരുട്ടിലായപ്പോൾ നമ്മൾ അന്വേഷിക്കേണ്ടത് ആ പ്രകാശത്തെയാണ്, എത്തിച്ചേരേണ്ടത് ആ പ്രകാശത്തിലേക്കാണ്.

സ്വാതന്ത്ര്യത്തിന് നാം നൽകിയ നിർവ്വചനങ്ങളെല്ലാം പൊളിച്ചുകളഞ്ഞ് നമ്മെ വീട്ടുതടങ്കലിലാക്കിയ ഈ കാലം ഒരിക്കലും മറക്കാനാകാത്തതാണ്. 'എന്നെ തൊടരുത്' എന്ന ക്രിസ്തുവചനത്തിന്റെ ഉള്ളറകളിലേക്കിറങ്ങിച്ചെന്ന് പ്രസിദ്ധ തത്വചിന്തകൻ സ്ലാവോയ്സിഡെക് ഈ മഹാമാരിക്കാലത്തെ അർത്ഥവത്തായി വരച്ചുകാട്ടുന്നുണ്ട്. ഒരു രോഗം എന്നതിനപ്പുറം ജീവിതത്തിന്റെ സമസ്തമേഖലകളേയും പ്രതികൂലമായി ബാധിച്ച ഒരു അതിജീവന പ്രശ്നമായി കോവിഡ് മാറി. വിലക്കയറ്റവും കുടുംബവരുമാനത്തിലെ ഇടിവും ഇരുവശങ്ങളിൽനിന്നും യുവസമൂഹത്തെ പ്രതിരോധത്തിലാക്കുന്ന കാഴ്ച പതിവാകുന്നു. വീട്ടിലിരുന്ന് ജോലി ചെയ്യാം എന്ന് ആശ്വസിച്ചവർ അമിതമായ ജോലിഭാരംകൊണ്ട് രാപകലില്ലാതെ കമ്പ്യൂട്ടറുകൾക്കുമുന്നിൽ കുടുങ്ങിയിരിക്കുന്നു. എല്ലാ കൂട്ടായ്മകളും കൂടിച്ചേരലുകളും നിയന്ത്രണവിധേയമായിരിക്കുന്നു. കടിഞ്ഞൂലുകളെ സംഹരിച്ച പത്താമത്തെ ബാധയും പൈതങ്ങളുടെ ജീവനു ഭീഷണിയായ ശിശുവധ കൽപനകളും നൊമ്പരംകൊണ്ട് വേദപുസ്തകത്തിൽ അടയാളപ്പെടുത്തിയിരിക്കുമ്പോൾ അവയെല്ലാം ഒരുമിച്ച് കടന്നുവന്ന് പ്രായമായവരേയും കുഞ്ഞുങ്ങളേയും ഒരുപോലെ മരണനിഴലിന്റെ ഭീഷണിയിലാക്കുന്ന കാലമാണിത്. സമാനകളില്ലാത്ത തിരിച്ചടികൾ മനുഷ്യവംശമാകെ നേരിട്ടുകൊണ്ടിരിക്കുന്ന ഈ കാലത്ത്തന്നെയാണ് യുവസമൂഹത്തിന്റെ ദൈവബോധങ്ങളും വചനവിചാരങ്ങളും ആത്മീയ ദർശനങ്ങളും ഏറ്റവും ആഴമായിത്തീരേണ്ടത്.

സൗഖ്യവും സമൃദ്ധിയും കമ്പോളത്തിലെ ഉൽപ്പന്നങ്ങൾ പോലെയാണെന്നും ദൈവം ഇതിന്റെ മൊത്തവിതരണക്കാരനാണെന്നും പ്രചരിപ്പിക്കുന്ന വികലമായ മതബോധങ്ങളുടെ തടവറയിലാണ് നമ്മുടെ മനസ്സുകളെങ്കിൽ ഈ പ്രതികൂല കാലഘട്ടത്തിൽ നമ്മൾ നിരാശപ്പെടും. പകർച്ചവ്യാധിയെ ഒരുനിമിഷംകൊണ്ട് തൊട്ട് സൗഖ്യമാക്കാത്തതിന് നാം ദൈവത്തോട് പരിഭവിക്കും. നീളം ഇല്ലാത്തതിന്റെ പേരിൽ അത്തിമരത്തിൽ കയറിയവനെ വിളിച്ചിറക്കിയപ്പോഴും അവന് ആറടി പൊക്കം നൽകുകയല്ല ക്രിസ്തു ചെയ്തത് എന്ന് നാം ഓർക്കണം. ജഡത്തിൽ ശൂലമുണ്ടെന്ന് നൊമ്പരപ്പെട്ടവന്റെ ശരീരത്തിലെ പോരായ്മ വലിച്ചെടുക്കുകയല്ല തന്റെ കൃപ മതി എന്ന് പ്രബോധിപ്പിച്ച് അവനെ നിറച്ച ദൈവബോധമാണ് വചനത്തിലൂടെ നമ്മോട് സംവദിക്കുന്നത്. "ഈ കാലവും കടന്നുപോകും" എന്നത് ഒരു ഭംഗിവാക്ക് എന്നതിനപ്പുറം ദൈവബോധത്തിൽ അടിസ്ഥാനപ്പെട്ടുകൊണ്ടുള്ള നമ്മുടെ അതിജീവന പോരാട്ടങ്ങളും മുദ്രാവാക്യമായി മാറണം. കാൽവറിയിൽ എരിഞ്ഞ പ്രകാശം ഈ ലോകചരിത്രത്തിൽ ഇന്നുവരെയും ഇനിയങ്ങോട്ടുമുള്ള എല്ലാ പ്രതിസന്ധികളുടേയും മദ്ധ്യത്തിൽ പ്രതീക്ഷയുടെ പ്രകാശം പരത്താൻ പ്രാപ്തമല്ലേ! പുതിയ വർഷത്തിൽ നമ്മെ നയിക്കേണ്ടത് പോയവർഷത്തിലെ അവിചാരിത തിരിച്ചടികളുടെ പേടിസ്വപ്നങ്ങളല്ല, അതിജീവനത്തിൽ നമ്മുടെ കൈപിടിച്ച കരുതലിന്റെ ദൈവബോധമാണ്. പ്രതീക്ഷയുടെ പ്രകാശമാകാം, പ്രപഞ്ചമാകെ പ്രതികൂലങ്ങളുടെ പാതിരാവാണെങ്കിലും.

**ഭദ്രാസന കുടുംബസംഗമം**
**2021 ജനുവരി 26 ചൊവ്വ**

## ജന്മദിനാശംസകൾ



**അഭി. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്ത**
**(ഫെബ്രുവരി 19)**



**അഭി. ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പാ**
**(ഫെബ്രുവരി 25)**

## അനുമോദനങ്ങൾ



തുവയൂർ എബനേസർ മാർത്തോമ്മാ ഇടവകയിൽ കൊച്ചന്റയ്യത്ത് ബംഗ്ലാവിൽ പരേതരായ ശ്രീ.കെ.ജി. ഏബ്രഹാമിന്റെയും ശ്രീമതി അന്നമ്മ ഏബ്രഹാമിന്റെയും മകൻ റവ.വർഗ്ഗീസ് കെ.ഏബ്രഹാം Senate of Serampore University യിൽ നിന്നും Palliative Care ൽ Doctor of Ministry കരസ്ഥമാക്കിയിരിക്കുന്നു. സഹധർമ്മിണി- ആശ ഏലിസബേത്ത് മക്കൾ: ഏബൽ, ഏയ്ഡൻ. ഇപ്പോൾ പുതുപ്പള്ളി St.Paul's Horeb Marthoma ഇടവക വികാരിയായി സേവനം അനുഷ്ഠിക്കുന്നു.



തേവലക്കര മാർത്തോമാ വലിയ പള്ളി ഇടവക അംഗം,സൺഡേ സ്കൂൾ സമാജം തേവലക്കര സെന്റർ ഇൻസ്പെക്ടർ ശ്രീ മാത്യു ജോൺ കളീലിനു മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി കോട്ടയം മാനേജ്മെന്റ് സ്റ്റഡിസിൽ ഡോക്ടറേറ്റ് ലഭിച്ചു. A study on Corporate Social Responsibility exercise of Beach sand mineral industries in Kerala എന്ന വിഷയം അടിസ്ഥാനമാക്കിയുള്ള പഠനത്തിൽ ആണ് ലഭിച്ചത്. ഡിപ്പാർട്മെന്റ് ഓഫ് ആറ്റോമിക് എനർജി വകുപ്പിന്റെ ചവറ IREL ഓഫീസർ ആണ്. എം.ജി.എം എബെനെസർ സ്കൂൾ കടമ്പനാട് പ്രിൻസിപ്പൽ പ്രിൻസമ്മ മാത്യു ആണ് ഭാര്യ.



താമരക്കുളം സെന്റ് തോമസ് മാർത്തോമ്മ ഇടവകയിൽ വാഴപ്പള്ളിൽ പുത്തൻ വീട്ടിൽ പരേതനായ ശ്രീ. ജോൺ തരകന്റെയും ശ്രീമതി മേരിക്കുട്ടി ജോണിന്റെയും മകൻ റവ. പി. ജെ. തോമസ് സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്നും Evolving A Media Education Programme for Leadership Formation Among the Youth in Adoor Diocese of Mar Thoma Syrian Church എന്ന വിഷയത്തിൽ Doctor of Ministry കരസ്ഥമാക്കി. മാർത്തോമ്മ യുവജനസഖ്യം പ്രസിദ്ധീകരണമായ യുവദീപം മാസികയുടെ മുൻ ചീഫ് എഡിറ്റർ. അടൂർ ഭദ്രാസന ത്രൈമാസിക ഹെർമ്മോൻ ദൂതൻ മാസികയുടെ ചീഫ് എഡിറ്ററായും കൊറ്റനല്ലൂർ ശാലേം, കോട്ടറ സെന്റ് പോൾസ് എന്നീ ഇടവകകളുടെ വികാരിയായും നിലവിൽ പ്രവർത്തിക്കുന്നു. സഹധർമ്മിണി: ഷേർലി തോമസ് (അധ്യാപിക, പഴകുളം ഗവ. സ്കൂൾ) മക്കൾ: അക്സ, അബിയ.

## അടൂർ ഡയോസീസ് ഗോൾഡൻ കപ്പിൾസ് ഡെ സെലിബ്രേഷൻ

അടൂർ ഭദ്രാസനത്തിലെ വിവാഹ ജീവിതത്തിൽ 50 വർഷം പൂർത്തീകരിച്ച ദമ്പതികളെ ആദരിക്കുന്നു. 2021 ജനുവരി 31 ഞായർ പ്രത്യേക ആരാധനയും, ആദരണവും ഭദ്രാസനത്തിലെ എല്ലാ ഇടവകകളിലും ക്രമീകരണം ചെയ്യുന്നു.

# ST. THOMAS ENGLISH MEDIUM SCHOOL

Estd: 1995

A Senior Secondary School Affilialed to CBSE New Delhi, Reg No. 930660

KATTANAM, PALLICKAL PO, ALAPPUZHA- 690503

*In Association With....*

## ST. THOMAS KG & PLAY SCHOOL, KATTANAM

**Run by Kattanam St Thomas Marthoma Charitable Trust**

Email:stemskattanam@yahooco.in web:www.stemskattanam.org




Patron: **Rt. Rev. Dr. Abraham Mar Paulos Episcopa** Manager : **Rev. Sam T. Panicker** Principal : **Dr. Lisy Cherian**

## Salient Features

- **Excellent 100% Result in CBSE Board Exams, Class X & XII**
- **Holistic Development of children, giving equal importance in curricular and co-curricular activities.**
- **Individual attention, Remedial Classes, Mentoring, Yoga & Meditation, Counselling.**
- **Value Based, Technology Aided Teaching Learning Process.**
- **Effective ongoing Live & Online activities of the school in the virtual platform even in the present Covid Pandemic Situation.**
- **Moderate & Affordable fee Structure.**

## WANTED

**We require qualified, experienced and committed teachers for all subjects in all levels (KG to Class XII) and special teachers in Physical Education, Dance, Music and Arts in the anticipated vacancies for 2021-2022. Those who have good command in English need to apply.**

**Application with CV should reach to the Manager on or before 15/2/2021, by post or email**

# ADMISSIONS FOR 2021-22, OPEN

**For enquires contact. 0479-2330844,2332014**

Printed & Published by: Rev. Shibu Mathew (Manager), on behalf of Mar Thoma Sabha Adoor Diocese, Hermon Aramana, Adoor P. O.,
Printed at: Mar Thoma Press Thiruvalla, Chief Editor: Rev. Dr. P. J. Thomas